കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മംഗൽപാടി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail:doksd.ksad@kerala.gov.in

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)*

നം കെ.എസ്.എ. കെ.എസ്.ഡി.5/106/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്-671123.
ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 0499 4256690

തീയതി.23.02.2019

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

മംഗൽപാടി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : മംഗൽപാടി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.(ഹ.ഗ്രേ.),
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്.

3)കാര്യാലയ പകർപ്പ്.

നം കെ.എസ്.എ. കെ.എസ്.ഡി. 5/106/2019. തിയ്യതി:23.02.2019

# കാസർഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

*****

കാസർഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 23.06.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടിയൊന്നും ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

*സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.*

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മഹേഷ.ബി, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.01.2019 മുതൽ 21.01.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഗോപാലകൃഷ്ണ നായ്ക്ക്.പി, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വിനോദ് കുമാർ.വി, അസി. ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീ.സുനിൽ കുമാർ.എം ,സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ശിവശങ്കര.കെ ,ഓഡിറ്റർ |

*(ബി)* നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഷാഹുൽ ഹമീദ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.ടി.പവിത്രൻ | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീ.സജീവ് (AS), I/C | 01.06.2017 മുതൽ 31.07.2017 വരെ |
| | ശ്രീ.സുനിൽ.കെ.എൻ(JS), I/C | 01.08.2017 മുതൽ 23.08.2017വരെ |
| | ശ്രീ.മധുസൂദനൻ | 24.08.2017 മുതൽ 13.10.2017 വരെ |
| | ശ്രീ.സുനിൽ.കെ.എൻ(JS), I/C | 14.10.2017 മുതൽ 30.01.2018 വരെ |
| | ശ്രീ.ബിജു | 31.01.2018 മുതൽ 15.02.2018 വരെ |
| | ശ്രീ.സുനിൽ.കെ.എൻ(JS), I/C | 16.02.2018 മുതൽ 22.02.2018വരെ |
| | ശ്രീ.കെ.പി.നവാസ്, I/C | 23.02.2018 മുതൽ 16.03.2018 വരെ |
| | ശ്രീ.അബ്ദുൾ ഫത്താഹ്.ബി | 17.03.2018 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനിയർ | ശ്രീ.മനോജ് കുമാർ.കെ.വി | 01.04.2017മുതൽ26.09.2017വരെ |
| | ശ്രീ.രാഹുൽ, ആർ. | 27.09.2017മുതൽ05.02.2018വരെ |
| | ശ്രീ.ജോബി | 06.02.2018മുതൽ031.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീ.ആനന്ദ.കെ. | 01.04.2017മുതൽ24.10.2017വരെ |

| | | |
|---|---|---|
| | ശ്രീമതി. പി.വി. ധന്യ | 24.10.2017മുതൽ06.11.2017വരെ |
| | ശ്രീ ഡെന്നീസ് ജോർജ് | 07.11.2017മുതൽ031.03.2018വരെ |
| I.C.D.S. സൂപ്പർവൈസർ | ശ്രീമതി അംബിക.ടി.പി | 01.04.2017മുതൽ31.03.2018വരെ |
| വി.ഇ.ഒ. | ശ്രീ.രതീഷ് കുമാർ.കെ (ഇച്ചിലങ്കോട് സർക്കിൾ) | 01.04.2017മുതൽ31.03.2018വരെ |
| | ശ്രീ.പ്രദീപ്കുമാർ.വൈ. (ഉപ്പളസർക്കിൾ) | 01.04.2017മുതൽ31.03.2018വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.രാധാകൃഷ്ണ .എച്ച് | 01.04.2017മുതൽ 30.06.2017വരെ |
| | ശ്രീ.വസന്തകുമാർ.സി.കെ. | 01.07.2017 മുതൽ31.03.2018വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.വീണ സി. ഫിലിപ്പ് | 01.04.2017മുതൽ 23.10.2017വരെ |
| | ഡോ.സുസൻവർഗീസ്.എം. | 24.10.2017 മുതൽ08.11.2017വരെ |
| | ഡോ.മേരി വിജയ | 09.11.2017 മുതൽ31.03.2018വരെ |
| മെഡിക്കൽഓഫീസർ, ആയുർവേദം | ഡോ.ആരതി.എസ്.എസ്. | 01.04.2017മുതൽ31.03.2018വരെ |
| മെഡിക്കൽഓഫീസർ, അലോപ്പതി | ഡോ.സൗമ്യഗോപിനാഥൻ | 01.04.2017മുതൽ31.03.2018വരെ |
| മെഡിക്കൽഓഫീസർ, ഹോമിയോ | ഡോ.. മേരി.സി.എസ്. | 01.14.2017മുതൽ31.10.2017വരെ |
| | ഡോ.തൻസീറ. കെ. | 01.11.2017മുതൽ21.08.2018വരെ |
| | ഡോ.ഷീന. | 22.08.2018മുതൽ31.03.2018വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ. | 2-1 |
| 13 | ബിൽഡിംഗ് പെർമിറ്റ്- പൊതു അപാകതകൾ. | 2-2 |
| 14 | പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 2-3 |
| 15 | കാലഹരണപ്പെട്ട ഡിപ്പോസിററുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. | 2-4 |
| 16 | സേവനങ്ങൾ നൽകുന്നതിന്നിന് നിയമപ്രകാരമുള്ള ഉപനികുതിഈടാക്കുന്നില്ല. | 2-5 |
| 17 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുത്തിയിട്ടില്ല. | 2-6 |
| 18 | ഡി.ആന്റ് ഒ. ലൈസൻസ് പുതുക്കലും ഫീസ് പിരിവും- അപാകതകൾ | 2-7 |
| 19 | തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 2-8 |
| 20 | ഇ-ടെണ്ടർ- ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. | 2-9 |
| 21 | വസ്തു നികുതി വൻ കുടിശ്ശിക. | 2-10 |
| | ഭാഗം 3 | |
| 22 | ഗ്രാമസഭകളിൽ ജനപങ്കാളിത്തം വർദ്ധിക്കാനുതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-1 |
| 23 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് - പ്രവർത്തനക്ഷമമാക്കിയിട്ടില്ല. | 3-2 |
| 24 | ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ | 3-3 |

| | | |
|---|---|---|
| | അടവാക്കിയില്ല. | |
| 25 | കുടിവെള്ള വിതരണം- സർക്കാർ ഉത്തരവ് പാലിക്കാത്തതും മറ്റ് അപാകതകളും | 3-4 |
| 26 | ഫലപ്രദമല്ലാത്ത മോണിറ്ററിങ്ങ് സംവിധാനം | 3-5 |
| 27 | വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം അപേക്ഷകളും, മാര്യേജ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. | 3-6 |
| 28 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ. | 3- 7 |
| 29 | ന്യൂട്രിമിക്സ് പർച്ചേസ്- അധിക നിരക്കിൽ GST നൽകി- പഞ്ചായത്ത് ഫണ്ടിന് 12,017/- രൂപയുടെ നഷ്ടം. | 3-8 |
| 30 | കാർഷികമേഖലയിൽ ഉല്പാദന വർദ്ധനവ് ലക്ഷ്യമാക്കി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തിയിട്ടില്ല. | 3-9 |
| 31 | കാർഷിക മേഖലയിൽ പദ്ധതി രൂപീകരണത്തിലെ പോരായ്മകൾ | 3-10 |
| 32 | ഉൽപാദന ബോണസ്- തുക കൈപറ്റിയത് ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-11 |
| 33 | ടെണ്ടർ കിഴിവ് വരുത്താതെ പാർട്ട് ബിൽ നൽകി- പാർട്ട് ബിൽ നൽകിയ ശേഷം പ്രവൃത്തി ഉപേക്ഷിച്ചു. | 3-12 |
| 34 | ഓവർഹെഡ് ചാർജസ് അനുവദിച്ചതിലെ അപാകതകൾ | 3-13 |
| 35 | കുന്നിൽ സ്കൂൾ പിറകു വശം ബന്തിയോട് കുന്ന് റോഡ് കോൺക്രീറ്റ്-അപാകതകൾ | 3-14 |
| 36 | റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങി നൽകിയതിലെ അപാകതകൾ | 3-15 |
| 37 | ഇ-ടെണ്ടർ- അപാകതകൾ | 3-16 |
| 38 | പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തു- തുടർ വിവരങ്ങൾ ലഭ്യമല്ല | 3-17 |
| 39 | പൊതു മരാമത്ത് മേഖലയിലെ പദ്ധതികളുടെ നടത്തിപ്പിൽ കണ്ട പൊതു അപാകതകൾ | 3-18 |
| 40 | ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും കൃത്യമായ പ്രവർത്തനം നടക്കുന്നില്ല- കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല. | 3-19 |
| | ഭാഗം 4 | |
| 41 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 44 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 45 | സ്ഥിര നിക്ഷേപം | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 48 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


അനുബന്ധപത്രികകൾ


1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം.

| വർഷം | 2017-18 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ & തീയ്യതി | 1/23.03.2017 | 1/20.02.2018 |
| മുന്നിരിപ്പ് | ₹4,93,86,130 | ₹2,83,26,298 |
| വരവ് | ₹11,83,37,000 | ₹12,58,94,922 |
| ആകെ | ₹16,77,23,130 | ₹15,42,21,220 |
| ചെലവ് | ₹16,54,52,000 | ₹12,50,82,917 |
| നീക്കിയിരിപ്പ് | ₹22,71,130 | ₹2,91,38,303 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 04.06.2018 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 09.07.2018 മുതൽ 11.07.2018 വരെ | കെ.എസ്.എ-കെ.എസ്.ഡി.3/965 /2018.തിയ്യതി.18-08-2018. (ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1.ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.) |

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. Traditional Function Fund 2017-18 ലെ അലോട്ട്മെന്റ് 1,58,98,137 രൂപ.വാർഷിക ധനകാര്യ പത്രിക പ്രകാരം 2017-18 ലെ ചെലവ് 1,57,70,000 രൂപ. ACR പ്രകാരം ചെലവ് 2,13,57,799രൂപ.31-3-2018 ലെ നീക്കിയിരിപ്പ് (-) 54,59,662 രൂപ.31-3-2018 ലെ അലോട്ടമെന്റ് 1,28,137 രൂപ 2017-18 വർഷത്തിൽ വരവ് ചേർത്തിട്ടില്ല. ഈ അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയില്ല.

3. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ജയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തികരിച്ചെങ്കിലും, പരിശോധനയ്ക്ക് ഹാജരാക്കിയ വസ്തു നികുതി ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെ തുകകളും വാർഷിക കണക്കിലെ ബന്ധപ്പെട്ട തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. ഷെഡ്യൂൾ B-4ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം.

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| മുന്നിരിപ്പ് | ₹5,82,20,542 |
| വരവ് | ₹9,38,19,522 |
| ആകെ | ₹15,20,40,064 |
| ചെലവ് | ₹12,74,27,751 |
| നീക്കിയിരിപ്പ് | ₹2,46,12,313 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി.₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി യിരിപ്പ്₹ | ചെലവ്% |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,29,28,000 | 2,29,28,000 | 1,72,30,303 | 56,97,697 | 75.14% |
| വികസനഫണ്ട് എസ്.സി.പി. | 0 | 57,59,481 | 57,59,481 | 43,73,210 | 13,86,271 | 75.93% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5,36,782 | 5,36,782 | 29,850 | 5,06,932 | 5.56% |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 1,10,97,000 | 1,10,97,000 | 98,64,902 | 12,32,098 | 88.89% |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 0 | 55,22,000 | 55,22,000 | 53,55,796 | 1,66,204 | 96.99% |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,07,68,384 | 1,07,68,384 | 1,07,09,083 | 59,301 | 99.44% |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP)- കേന്ദ്രം | 0 | 19,17,220 | 19,17,220 | 15,15,168 | 4,02,052 | 79.02% |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക ₹94,50,555)

ഫണ്ട് വിനിയോഗം രസീപ്റ്റ്& പേയ്മെന്റ് പത്രിക പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 1,72,30,303 | 1,72,30,303 | 1,72,30,303 | 0 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 43,73,210 | 43,73,210 | 43,73,210 | 0 |
| വികസന ഫണ്ട് -ടി.എസ്.പി | 0 | 29,850 | 29,850 | 29,850 | 0 |
| മെയിന്റനൻസ്, ഫണ്ട് റോഡ് | 0 | 98,64,902 | 98,64,902 | 98,64,902 | 0 |
| മെയിന്റനൻസ് ഫണ്ട് നോൺ- റോഡ് | 0 | 53,55,796 | 53,55,796 | 53,55,796 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 1,07,09,083 | 1,07,09,083 | 1,07,09,083 | 0 |
| കെ.എൽ.എസ്.ജി. ഡി.പി. (ലോക ബാങ്ക് | 0 | 4,26,452 | 4,26,452 | 4,26,452 | 0 |

| | | | | | |
|---|---|---|---|---|---|
| )-കേന്ദ്രം | | | | | |
| കെ.എൽ.എസ്.ജി. ഡി.പി. (ലോക ബാങ്ക് )-സംസ്ഥാനം | 0 | 10,88,716 | 10,88,716 | 10,88,716 | 0 |
| ട്രഷറി തനത് ഫണ്ട്. | 3,19,54,096 | 1,57,70,000 | 4,77,24,096 | 5,30,53,253 | 53,29,157 |
| ട്രഷറി സംയുക്ത പദ്ധതി | 0 | Nil | Nil | Nil | Nil |
| മംഗൽപ്പാടി സഹകരണ ബാങ്ക് - തനതു ഫണ്ട് | 73,38,416 | 10,65,360 | 84,03,776 | Nil | 84,03,776 |
| Syndicate bank -Pension (3641) | 107 | 2 | 109 | 0 | 109 |
| എസ്.ബി.ഐ, തനത് ഫണ്ട്.(2040) | 1,43,15,749 | --- | 1,43,15,749 | 1,41,19,168 | 1,96,581 |
| എസ്.ബി.ടി. | 0 | 1,63,10,042 | 1,63,10,042 | 0 | 1,63,10,042 |
| Syndicate ബാങ്ക് (തൊഴിലുറപ്പ്)32905 | 450 | 1,48,816 | 1,49,266 | 1,26,750 | 22,516 |
| Syndicate ബാങ്ക് E sand (73854) | 10,92,841 | 41,707 | 11,34,548 | Nil | 11,34,548 |
| കേരള ഗ്രാമീൺ ബാങ്ക് ദുരിതാശ്വാസ നിധി.3502 | 723 | 29 | 752 | Nil | 752 |
| കേരള ഗ്രാമീൺ ബാങ്ക് Plan 3188 | 30,88,497 | 1,45,345 | 32,33,842 | 0 | 32,33,842 |

| | | | | | |
|---|---|---|---|---|---|
| NMG Bank (Literacy) | 21,794 | 9,266 | 31,060 | 0 | 31,060 |
| തൊഴിലുറപ്പ് പദ്ധതിയിലെ എഫ്.ടി.ഒ തുക | 0 | 45,88,233 | 45,88,233 | 45,88,233 | 0 |
| പെൻഷൻ ഡി.ബി.ടി തുക | 0 | 6,37,43,200 | 6,37,43,200 | 6,37,43,200 | 0 |
| ക്യാഷ് | 3,88,358 | 1,99,623 | 5,87,981 | 0 | 5,87,981 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 339 | 198 | 0 | 141 | 58 % |

# 1-7 തൊഴിലുറപ്പ് പദ്ധതി അവലോകനം

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിന്‍ കീഴിൽ മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളുടെ സംഗ്രഹം, പ്രവർത്തന പുരോഗതി, സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എന്നീ വിവരങ്ങൾ മുൻവർഷങ്ങളിലെ നേട്ടങ്ങളുമായി താരതമ്യം ചെയ്തു കൊണ്ടുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Job Card | |
|---|---|
| Total No. of JobCards issued | 1,608 |
| Total No. of Workers | 2,716 |
| Total No. of Active Job Cards | 488 |

| | | | | |
|---|---|---|---|---|
| Total No. of Active Workers | 667 | | | |
| (i)SC worker against active workers[%] | 23.69 | | | |
| (ii)ST worker against active workers[%] | 0.9 | | | |
| II Progress | FY 2017-2018 | FY 2016-2017 | FY 2015-2016 | FY 2014-2015 |
| Approved Labour Budget | 0 | 0 | 0 | 0 |
| Persondays Generated so far | 17,005 | 17,674 | 11,483 | 9,816 |
| % of Total LB | 0 | 0 | 0 | 0 |
| % as per Proportionate LB | | | | |
| SC persondays % as of total persondays | 33.79 | 28.71 | 34.69 | 31.39 |
| ST persondays % as of total persondays | 2.19 | 0.19 | 0.17 | 0.37 |
| Women Persondays out of Total (%) | 90.9 | 87.04 | 81.27 | 91.35 |
| Average days of employment provided per Household | 66.43 | 56.29 | 39.33 | 37.47 |
| Average Wage rate per day per person(Rs.) | 262.56 | 242.2 | 232.58 | 210.87 |
| Total No of HHs completed 100 | 66 | 62 | 6 | 17 |

| | | | | |
|---|---|---|---|---|
| Days of Wage Employment | | | | |
| Total Households Worked | 256 | 314 | 292 | 262 |
| Total Individuals Worked | 321 | 443 | 407 | 302 |
| Differently abled persons worked | 1 | 0 | 0 | 0 |
| Number of GPs with NIL exp | 0 | 0 | 0 | 0 |
| Total No. of Works Takenup (New+Spill Over) | 210 | 280 | 185 | 119 |
| Number of Ongoing Works | 139 | 140 | 151 | 60 |
| Number of Completed Works | 71 | 140 | 34 | 59 |
| % of NRM Expenditure(Public + Individual) | 90.89 | 78.67 | 56.38 | 47.07 |
| % of Category B Works | 46.67 | 46.79 | 55.14 | 14.29 |
| Total Exp(Rs. in Lakhs.) | 45.85 | 58.34 | 20.74 | 31.06 |
| Wages(Rs. In Lakhs) | 44.61 | 53 | 18.87 | 28.03 |
| Material and skilled Wages(Rs. In Lakhs) | 0 | 0 | 0 | 0.06 |
| Material(%) | 0 | 0 | 0 | 0.21 |
| Total Adm Expenditure (Rs. in Lakhs.) | 1.24 | 5.34 | 1.88 | 2.97 |
| Admin Exp(%) | 2.7 | 9.15 | 9.05 | 9.56 |

| | | | | |
|---|---|---|---|---|
| Average Cost Per Day Per Person(In Rs.) | 269.86 | 272.4 | 248.93 | 241.72 |
| % of Total Expenditure through EFMS | 100 | 100 | 100 | 90.44 |
| % payments gererated within 15 days | 87.3 | 84.92 | 23.64 | 0 |

അവലംബം- തൊഴിലുറപ്പ് പദ്ധതി വെബ്സൈറ്റ്

## 1-8 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21,000 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 8,50,700 | 96 |
| വിധവാപെൻഷൻ | 2,30.03,000 | 2187 |
| വാർദ്ധക്യകാലപെൻഷൻ | 3,24,74,300 | 3330 |
| വികലാംഗപെൻഷൻ | 73,28,600 | 693 |
| അവിവാഹിതകളായ 50 വയസ്സിനു മേൽപ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 86,600 | 8 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 17,10,000 | 57 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-01-2019തീയതിയിൽ 3 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 2,25,128/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

(1)ആസ്തികളുടെ പരിപാലനം-പഞ്ചായത്തിന്റെ തനത് ആസ്തികൾ വാങ്ങുന്നതിൽ പ്രോക്യൂർമെൻറ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങലിന്റെ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ്റിപ്പോർട്ട് അപൂർണ്ണമാണ് . ആയതിന്റെ ആസ്തി രജിസ്റ്റർ ഇലട്രിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറന്റിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്താൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധനം ഇല്ല. നിലവിൽ ഇലട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകിവരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഇലട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കൃത്യത പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

(2)രജിസ്റ്ററുകളുടെ സൂക്ഷിപ്പ്- ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിയത് പാലിക്കപ്പെടുന്നില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

(3)മേൽ നോട്ടം- ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ധേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല .ഉദാ- ഓരോദിവസ
ത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല. ദിവസവേതനക്കാരെ നിയമിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും കരാർ വെയ്ക്കേണ്ടതുമാണ്.

(4)ഫ്രണ്ട് ഓഫീസ് സംവിധാനം-പി.ആർ എഴുതി സൂക്കിക്കാത്തതിനാൽ സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല.

ദിവസവേതനക്കാരെ ഫ്രണ്ട് ഓഫീസിൽ നിയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(5)പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ-പരാതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നെണ്ടങ്കിലും ആയത് ആവശ്യക്കാർ ലഭ്യമാവുന്നതരത്തിൽ സൂക്ഷിക്കുന്നില്ല. കൃത്യമായ ഫയലിങ് സിസ്റ്റം ഇല്ലാത്തതിനാൽ ലഭ്യമായ പരാതികൾ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല

(6)ഓഫീസ് യോഗങ്ങൾ- നിശ്ചിത ഇടവേളകളിൽ ഓഫീസ് യോഗങ്ങൾ, സ്റ്റാന്റിംഗ് കമ്മറ്റിയോഗങ്ങൾ എന്നിവചേരുന്നില്ല. ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ് നടത്തേണ്ടതുമാണ് ,

(7)ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ -പഞ്ചായത്തിലെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

മറ്റ് പ്രസക്തമായവ- പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല, സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി ഉണ്ടാവേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.10.2018 | 07/2018 | പി.എ.യു.-1/160/18 തീ.07.10.2018. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.12.2018 മുതൽ 22.12.2018 വരെ | 2013-14 മുതൽ 2017-18 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ.

ഈ റിപ്പോർട്ടിലെ ഖണ്ഡിക നം 1(3)-ന് പുറമേ ഓഡിറ്റ് സമയത്ത് ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1)2016-17വർഷത്തെ വാർഷിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ മുഴുവൻ പരിഹരിച്ചിട്ടില്ല. വാർഷികകണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെകുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62 (2) (ഇ) ,(എഫ്) ).

2)വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം അയച്ച തന്നിട്ടുള്ള ട്രയൽ ബാലൻസ് പൂർണമായും തെറ്റാണ്. ട്രയൽ ബാലൻസിൽ ഡെബിറ്റ് ബാലൻസിലും ക്രെഡിറ്റ് ബാലൻസിലും നീക്കിയിരിപ്പ് തുക രേഖപ്പെടുത്തിയിട്ടുണ്ട്, ഇത് തെറ്റാണ്. ഏതെങ്കിലും ഒരു ബാലൻസ് മാത്രമേ കാണാവൂ. ട്രയൽ ബാലൻസ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശം തന്നെ സാധിക്കാത്ത വിധത്തിലാണ് ട്രയൽ ബാലൻസ് തയ്യാറാക്കിയിട്ടുള്ളത്.

3)31.03.2017 ലെ ബാലൻസ് ഷീറ്റിൽ 312500101-general reserves എന്ന ഹെഡിൽ 5,54,666 രൂപ നീക്കിയിരിപ്പ് കാണുന്നു. ഈ റിസർവ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4)അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻ വർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടുമില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ പരിപാലിച്ചിട്ടില്ല. ബാലൻസ്ഷീറ്റ് (B-11 Schedule ) പ്രകാരമുള്ള ആസ്തികളുടെ രേഖപ്പെടുത്തൽ പരിശോധിക്കാനായിട്ടില്ല.

5)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ താഴെ പറയുന്ന ശീർഷകങ്ങളിൽ തുക നീക്കിയിരിപ്പുണ്ട്.

| Code No. | Particulars | Amount |
|---|---|---|
| 320300103 | Grants, Funds & Contributions for Specific Purposes – Other Goverment agencies- Total Sanitation | 1,49,428 |
| 320700104 | Contributions for Other Specific Purposes (for Capital Expenditure) – from Block Panchayats | 1,82,250 |
| 320700204 | Contributions for Joint Venture Projects (for Revenue Expenditure) – from Block Panchayats | 4,12,559 |
| 320700304 | Contributions for Other Specific Purposes (for Capital Expenditure) – from Block Panchayats) | 10,00,000 |

| | | |
|---|---|---|
| 320700405 | Contributions for Other Specific Purposes (for Revenue Expenditure) – from District Panchayats | 90,000 |

നീക്കിയിരിപ്പ് വിവരങ്ങൾ പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

6).31.03.2017 ലെ ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B-7 ൽ വിവിധ ഹെഡുകളിലായി 8,45,932 രൂപ deposits received എന്ന ഇനത്തിൽ നീക്കിയിരിപ്പ് ബാദ്ധ്യത കാണുന്നു. ഈ നീക്കിയിരിപ്പ് തുകകളുടെ വിശദ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ആരിൽ നിന്ന്, എന്ന്, എന്ത് ആവശ്യത്തിന് ലഭിച്ച തുകകളാണ് നീക്കിയിരിപ്പ് ഉള്ളതെന്ന വിവരങ്ങൾ പഞ്ചായത്തിൽ ഇല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുമില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലെയിം ചെയ്യിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി പഞ്ചായത്തിന് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് റിസീവ്ഡ്-ൽ തന്നെയാണ് നിലനിർത്തിയിരിക്കുന്നത്.

7).31.03.2017 ലെ ബാലൻസ് ഷീറ്റിൽ 350109901-other creditors control Account എന്ന ഹെഡിൽ 7,90,346രൂപ 01.04.2017 ന് മുന്നിരിപ്പ് തുകയുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

8).31.03.2018 ലെ ബാലൻസ് ഷീറ്റിൽ 350110104-other employee liabilities payable എന്ന ഹെഡിൽ 16,16,580 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണിച്ചിട്ടുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഈ തുക ഇതേ ഹെഡിൽ 2016-17 വർഷത്തെ ബാലൻസ് ഷീറ്റിലും ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്

9).31.03.2018 ലെ ബാലൻസ് ഷീറ്റിൽ 350410401-Advance collection-rent എന്ന ഹെഡിൽ 30,096 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണുന്നു. ഇതിന്റെ വിവരങ്ങൾ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിക്കാണുന്നില്ല. ഈ തുക 01.04.2017 നം മുന്നിരിപ്പ് തുകയാണ്. 2017-18 ൽ ഈ തുക അഡ്ജസ്റ്റ് ചെയ്യിട്ടില്ല.

10).വസ്തുനികുതിയുടെ ഡിമാന്റ് രജിസ്റ്റർ സഞ്ചയ അപ്ലിക്കേഷനിൽ ലഭ്യമാണെന്ന് അറിയിച്ചുവെങ്കിലും, പരിശോധനാസമയത്ത് സോഫ്റ്റ് വെയറിൽനിന്നും തൻവർഷത്തെ ഡി.സി.ബി. യുടെ സംക്ഷിപ്തം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി സംബന്ധിച്ച വിശദാംശങ്ങൾ ഡി.സി.ബി. യുമായി താരതമ്യം ചെയ്ത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

11).നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡയറി രജിസ്റ്റർ (അനുബന്ധം ബി-IV) എഴുതി സൂക്ഷിക്കുന്നില്ല.

12).അസിസ്റ്റന്റ് സെക്രട്ടറി 2017-18 സാമ്പത്തിക വർഷത്തിൽ 7 പ്രൊജക്ടുകളിലായി 9,48,918 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

13).2017-18 വർഷത്തിൽ നിർവഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിൽ ബി-18 ഷെഡ്യൂളിൽ കാണിച്ചിട്ടില്ല. ഉദാ- പുതിയ ട്രാൻസ് ഫോർമർ സ്ഥാപിക്കാൻ K.S.E.B. യ്ക്ക് ഡിപ്പോസിറ്റ് ചെയ്തത് 3,50,000 രൂപ, ലോമാസ്റ്റ് ലൈറ്റ് സ്ഥാപിച്ച പോസ്റ്റിന് വൈദ്യുതി കണക്ഷൻ K.S.E.B. യ്ക്ക് ഡിപ്പോസിറ്റ് ചെയ്തത് 60,500 രൂപ തുടങ്ങിയവ)

14).NMGBപ്ലാൻ-3188 എന്ന പേരിൽ ഒരു അക്കൗണ്ട് പഞ്ചായത്തിൽ സൂക്ഷിക്കുന്നു. (കേരള ഗ്രാമീൺ ബാങ്ക്) 31.03.2018ൽ ഇതിന്റെ നീക്കിയിരിപ്പ് 32,33,842/-രൂപയാണ്. ഇത്തരത്തിൽ ഒരു അക്കൗണ്ട് തുടങ്ങാൻ സർക്കാർ അനുമതിയില്ല.

*(ഓഡിറ്റ് എൻക്വയറി നം-2/18.01.2019)*

## 2-2 ബിൽഡിംഗ് പെർമിറ്റ്- പൊതു അപാകതകൾ.

ദേശീയ സംസ്ഥാന പാത കടന്ന് പോകുന്നതും, നിലം/നഞ്ച തരത്തിൽ ഉൾപ്പെടുന്ന ഭൂമിയും കോസ്റ്റൽ ഏരിയ കൂടുതലായും കാണപ്പെടുന്ന ഗ്രാമപഞ്ചായത്തിലെ 2017-18 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ, ക്രമവത്കരണം, പെർമിറ്റ് പുതുക്കൽ, ഭൂവികസനം എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ, ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററുകൾ എന്നിവ പരിശോധിക്കുകയും ചെയ്തതിൽ താഴെ പറയുന്ന അപാകതകൾ സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

48 ശതമാനം അപേക്ഷകൾ ക്രമവത്കരണത്തിന്.

2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങളുമായി ബന്ധപ്പെട്ട് 2017-18 വർഷത്തിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| ഇനം | ലഭിച്ച അപേക്ഷകൾ | അനുവദിച്ചത് | നിരസിച്ചത് | തീർപ്പാകാതെ അവശേഷിക്കുന്നത് |
|---|---|---|---|---|
| പെർമിറ്റ്/ കംപ്ലീഷൻ | 367 | 320 | 25 | 22 |
| ക്രമ വത്കരണം | 327 | 277 | 20 | 30 |
| പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷകൾ | 6 | 3 | 3 | 0 |
| ആകെ | 700 | 600 | 48 | 52 |

2017-18 ൽ ആകെ ലഭിച്ച 700 അപേക്ഷകളിൽ 327 എണ്ണവും ക്രമ വത്കരണത്തിനുള്ളതാണ്. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് വ്യക്തമായി പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ

ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ എണ്ണം സൂചിപ്പിക്കുന്നത്. ചട്ടം 137 (3) പ്രകാരം ക്രമവത്കരണത്തിന് രജിസ്റ്റർ തയ്യാറാക്കി പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പ്രത്യേകം നിരീക്ഷിച്ചിട്ടില്ല. ക്രമവത്കരണത്തിനുള്ള 20 അപേക്ഷകൾ സ്ഥാപനം നിരസിച്ചിട്ടുണ്ട്. എന്നാൽ മേൽ അപേക്ഷകളിന്മേൽ ചട്ടം 137, 138 എന്നിവ പ്രകാരമുള്ള തുടർ നടപടികളൊന്നും സ്ഥാപനം കൈക്കൊണ്ടിട്ടില്ല. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

A)അപേക്ഷാ രജിസ്റ്ററിലെ മുഴുവൻ കോളങ്ങളിലും രേഖപ്പെടുത്തൽ വരുത്തുന്നതിൽ വീഴ്ച വരുത്തി. പ്രത്യേകിച്ച് നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച കോളങ്ങൾ. ഇത് മൂലം കെട്ടിടങ്ങളുടെ നിർമ്മാണ പൂർത്തീകരണം നിരീക്ഷിച്ച് നികുതി കണക്കാക്കുന്നതിനോ, കാലപരിധി പിന്നിട്ട പെർമിറ്റുകൾ നിരീക്ഷിക്കുന്നതിനോ സ്ഥാപനത്തിന് സാധിച്ചില്ല.

B)കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമ്മിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചകൾ ഉള്ളതായി കാണുന്നു. ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്.പല അപേക്ഷകളിലും അപേക്ഷ അനുവദിച്ച വിവരമോ ഫീസ് ഈടാക്കിയ വിവരമോ രേഖപ്പെടുത്തിയിട്ടില്ല.

C)കെട്ടിട നിർമ്മാണ ചട്ടങ്ങൾ, CRZ, നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം തുടങ്ങി നിയമപരമായും സാങ്കേതിക പരമായും ഏറെ സങ്കീർണ്ണതകൾ നിലനിൽക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകളുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള സങ്കേതം സോഫ്റ്റ്‌വെയർ ഉപയോക്തൃ സൗഹൃദമല്ല. സ്കെച്ചുകൾ സ്കാൻ ചെയ്താണ് ആപ്ലിക്കേഷനിൽ അപ്‌ലോഡ് ചെയ്യുന്നത്.വലിയ അളവിലുള്ള ഡാറ്റ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ബാധ്യതപെടുന്നതിനാൽ ആപ്ലിക്കേഷന്റെ പ്രവർത്തനം മന്ദഗതിയിലാക്കുന്നു. അപേക്ഷകൾ ചട്ടങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നത് ആപ്ലിക്കേഷനിൽ പ്രാഥമിക പരിശോധനക്ക് വിധേയമാക്കപ്പെടുന്നില്ല. സ്കെച്ചുകൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ തയ്യാറാക്കുന്നതിന് സാധിക്കുന്നില്ല. ഇത് മൂലം സ്കാൻ ചെയ്ത വിവരങ്ങളാണ് അപ്‌ലോഡ് ചെയ്യുന്നതെന്നതിനാൽ ഡാറ്റയുടെ മേൽ അനാലിസിസിനുള്ള സാദ്ധ്യത തടയപ്പെടുന്നു. സോഫ്റ്റ്‌വെയർ മുഖേന ലഭ്യമാകുന്ന റിപ്പോർട്ടുകൾ സമ്പൂർണ്ണമല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട ഭേദഗതി ഉത്തരവുകൾക്ക് അനുസൃതമായി സോഫ്റ്റ്‌വെയറുകൾ കാലികമാക്കുന്നതിൽ ഐ.കെ.എം വീഴ്ച വരുത്തിയിട്ടുണ്ട്.

D)അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.കെട്ടിടനിർമ്മാണ നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തീരുമാനമെടുക്കേണ്ടതാണ്. കൂടാതെ കെട്ടിട നിർമ്മാണ പെർമ്മിറ്റ് രജിസ്റ്ററിൽ നിരവധി അപേക്ഷകൾ തീർപ്പ് കല്പിക്കാതെ നിലനില്ക്കുന്നതായി കാണുന്നു.

മേൽ പരാമർശിച്ച അപാകതകൾ സ്ഥാപനതലത്തിൽ പരിശോധിക്കേണ്ടതും, താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ഉചിതമായ പരിഹാര നടപടികൾ സ്വീകരിച്ച്, സെക്രട്ടറി ഓഡിറ്റിന് റിപ്പോർട്ട് ചെയ്ത് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

A)പെർമിറ്റില്ലാതെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ഫീൽഡ് ക്ലർക്കുമാർക്ക് നിർദ്ദേശം നൽകേണ്ടതും, കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ പരിപാലനം ഉറപ്പ് വരുത്തേണ്ടതുമാണ്. അനധികൃത നിർമ്മാണങ്ങൾ ചട്ട പ്രകാരം ക്രമപെടുത്തി നൽകുകയോ, പൊളിച്ച് മാറ്റുകയോ ചെയ്യേണ്ടതാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാതെ നിരസിക്കുന്ന അപേക്ഷകളിലും അനധികൃതമായി നിർമ്മാണം തുടരുന്നുണ്ടോ എന്നത് അന്വേഷിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

B)കെട്ടിട പെർമിറ്റ് അനുവദിച്ച അപേക്ഷകളിൽ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ പൂർത്തീകരണ വിവരം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു. രജിസ്റ്ററുകളിലെ മുഴുവൻ കോളങ്ങളിലും രേഖപ്പെടുത്തൽ വരുത്തി, പെർമിറ്റുകൾ കെട്ടിട നിർമ്മാണ പൂർത്തീകരണം വരെ നിരീക്ഷിക്കേണ്ടതാണ്. കാല പരിധി പിന്നിട്ട പെർമിറ്റുകളുടെ തത്സ്ഥിതി പരിശോധിക്കുന്നതിന് ഫീൽഡ് ക്ലർക്കുമാരെ ചുമതലപ്പെടുത്തേണ്ടതാണ്.

C)സങ്കേതം സോഫ്റ്റ്‌വെയറിന്റെ പരിമിതികൾ പരിശോധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.

## 2-3 പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പുതിയ കെട്ടിടങ്ങൾക്ക് നമ്പർ നൽകി വസ്തു നികുതി നിർണ്ണയിക്കുമ്പോഴും, നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റതവണ

കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ, അല്ലെങ്കിൽ വകുപ്പ് 7 പ്രകാരം റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയും, വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയും ചെയ്യാവൂ എന്ന് 09.07.2015 ലെ സർക്കാർ ഉത്തരവ് നം.(എം.എസ്.)231/2015/ത.സ്വ.ഭ.വ. ഖണ്ഡിക 1 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖണ്ഡിക 2 ൽ കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (എ) പ്രകാരമുള്ള ആഡംബരനികുതി ബാധകമായ കെട്ടിടങ്ങൾക്ക് മുൻസാമ്പത്തിക വർഷത്തെ ആഡംബരനികുതി ഒടുക്കിയതിന്റെ രസീതിന്റെ പകർപ്പ് ഹാജരാക്കിയാൽ മാത്രമാണ് വസ്തുനികുതി അടവാക്കിയതിന്റെ രസീത് നല്കേണ്ടത് എന്നും നിഷ്കർച്ചിരിക്കുന്നു. ഏതെങ്കിലും കെട്ടിടത്തിന് നികുതിയിളവിന് സാധ്യതയുള്ള പക്ഷം ആയത് സംബന്ധിച്ച സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട താഹസിൽദാറിൽ നിന്നോ, താഹസീൽദാർ ചുമതലപ്പെടുത്തിയിട്ടുള്ള വില്ലേജ് ഓഫീസറിൽ കുറയാത്ത പദവിയിലുള്ള ഉദ്യോഗസ്ഥനിൽ നിന്നോ ലഭ്യമാക്കി സമർപ്പിക്കണം.

എന്നാൽ ഗ്രമപഞ്ചായത്തിൽ മേൽ വിവരിച്ച രീതിയിൽ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും, തുടർന്ന് വസ്തുനികുതി നിർണ്ണയിച്ച നൽകുമ്പോഴും കെട്ടിട ഉടമ സർക്കാരിലേയ്ക്ക് അടവാക്കേണ്ട മേൽ നികുതികൾ അടവാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി നമ്പറിംഗ് നടപടികൾ ചെയ്യുന്നതുമൂലം സംസ്ഥാനസർക്കാരിന് നികുതി വരുമാനശോഷണത്തിന് സാധ്യതയുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-4 കാലഹരണപ്പെട്ട ഡിപ്പോസിററുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഡിപ്പോസിററ് രജിസ്റ്റർ പരിശോധിച്ചതിൽ, ഡിപ്പോസിററ് ഇനത്തിൽ വിവിധ വർഷങ്ങളിൽ വരവുവന്നിട്ടുള്ള തുകകളിൽ പിൻവലിക്കാതെ അവശേഷിക്കുന്ന ഡിപ്പോസിററ് തുകകൾ വർഷം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. ഡിപ്പോസിററ് രജിസ്റ്ററിലെ വിവിധയിനങ്ങളിലെ മുന്നിരിപ്പ് തുകയുടെ കൃത്യത ഉറപ്പുവരുത്തി വിവിധയിനങ്ങളിലായി അവശേഷിക്കുന്ന കാലഹരണപ്പെട്ട ഡിപ്പോസിററുകൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽ ഓഡിററു വർഷം കാലഹരണപ്പെട്ട ഡിപ്പോസിററുകൾ തിരിച്ചറിയുന്നതിനും ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിററ്എൻക്വയറിക്ക് (നം.2/18.01.2019) സെക്രട്ടറി നൽകിയ മറുപടിയിൽ സാംഖ്യ ആരംഭിച്ച കാലയളവിൽ ഡിപ്പോസിററ് ഹെഡിൽ കാണിച്ച മുൻ വർഷനീക്കിയിരിപ്പും മാന്വൽ ആയി സൂക്ഷിച്ച ഡിപ്പോസിററ് രജിസ്റ്ററിലെ മുൻവർഷ നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം കാരണം കാലഹരണപ്പെട്ട ഡിപ്പോസിററുകൾ വേർതിരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ആയത് വേർതിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിവിധയിനങ്ങളിലായി അവശേഷിക്കുന്ന മുൻവർഷ ഡിപ്പോസിററുകളുടെ മുന്നിരിപ്പിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തി

കാലഹരണപ്പെട്ട ഡിപ്പോസിററുകൾ കണ്ടെത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 സേവനങ്ങൾ നൽകുന്നതിന്നിന് നിയമപ്രകാരമുള്ള ഉപനികുതിഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം-29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2017-18സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് | ₹10,94,407 |
| പൊതു ടാപ്പുകൾ | ₹4,74,252 |
| ആകെ | ₹15,68,659 |

സേവനങ്ങൾ നൽകുന്നതിന്നിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-6 മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുത്തിയിട്ടില്ല.

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഓ.നമ്പർ 36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്.എന്നാൽ മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 11 മൊബൈൽ ടവറുകളിൽ നിന്നും 2017-18 വർഷത്തെ വസ്തുനികുതി, വസ്തു നികുതി കുടിശ്ശിക എന്നിവ പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആയത് പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| | ഓപ്പറേറ്റർ / ഉടമ | കെട്ടിട നമ്പർ |
|---|---|---|
| 1 | Essar Telecom Infra structure Pvt. Ltd. | 2/293 |
| 2 | Bharati Airtel Infratel Co. Ltd. | 3/281 |
| 3 | Bharathi Airtel Ltd. Bharath Towers. | 4/362 |
| 4 | Bharati Airtel Infratel Co. Ltd. | 9/291/B |
| 5 | Bharati Airtel Infratel Co. Ltd. | 12/88 |
| 6 | Sankaran Bose,Head kerala. | 14/13/A |
| 7 | Sub-Divisional Engineer, BSS Mobile Servicess Telephone Bhavan. | 15/228 |
| 8 | Bharathi Airtel Ltd. ,Bharathi Towers. | 17/312/A |
| 9 | Sub-Divisional Engineer, BSS Mobile Servicess Telephone Bhavan, Kasaragod. | 20/515 |
| 10 | Bharathi Airtel Tower. | 20/623 |
| 11 | Bharathi Airtel Ltd. | 21/740/A |

## 2-7 ഡി. ആന്റ് ഒ. ലൈസൻസ് പുതുക്കലും ഫീസ് പിരിവും- അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2017-18 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| | | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | |
|---|---|---|---|---|---|
| 2016-2017 വർഷത്തിൽ ലൈസൻസ് | പുതിയതായി അപേക്ഷിച്ചവർ | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയംപാലിക്കാതെ വൈകി | പുതുക്കാത്ത അപേക്ഷകർ | ആകെ |

| | | | | | |
|---|---|---|---|---|---|
| എടുത്തവര് | | | പുതുക്കിയവർ | | |
| 800 | 23 | ലഭ്യമല്ല. | 800 | ----- | 823 |

ഗ്രാമ പഞ്ചായത്തിലെ 23 വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2017-18 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 100%വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല ഡി. ആന്റ് ഒ. ലൈസൻസ് ഡിമാന്റ് രിജിസ്റ്റര് (Volume II) പരിശോധിച്ചതിൽ പുതുക്കുന്നതിനു വേണ്ടി 800 അപേക്ഷകൾ ലഭിച്ചിരിന്നു. എന്നാൽ ലഭിച്ച അപേക്ഷകളിൽ Volume 1 പ്രകാരമുള്ള SL. No 1 മുതൽ 316 വരെയും 568 മുതൽ 601 വരെയുള്ള അപേക്ഷകളും , ഡി. ആന്റ് ഒ. ലൈസൻസ് ഡിമാന്റ് രിജിസ്റ്റര് (Volume I ) എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക ഹാജരാക്കേണ്ടതാന്ന്.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധ്യമല്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.

<u>അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും</u>

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണെങ്കിൽ

കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ മെഡിക്കൽ ഓഫീസർ നൽകുന്ന സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആയത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തന്റെ പേഴ്സണൽ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുണ്ട് (66562/RC3/12/ത.സ്വ.ഭ.വ. തിയ്യതി 10.01.2013).

അപേക്ഷകളിലെ അപാകതകൾ പരിശോധിക്കപ്പെടുന്നില്ല.

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു. ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1,000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ

അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

*ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.*

## 2-8 തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു സ്ഥാപന രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

## 2-9 ഇ-ടെണ്ടർ- ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

2017-18 വർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ എണ്ണം ഇ-ടെണ്ടർ മുഖേനയാണ് നടത്തിയത്. എന്നാൽ ഇ-ടെണ്ടറിൽ പങ്കെടുത്ത കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഈ തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ കെട്ടിക്കിടക്കുകയാണ്. തൻവർഷം നടത്തിയ ഇ-ടെണ്ടറുകളുടെ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് 19.01.2019 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9) മറുപടി നൽകിയിട്ടില്ല. പഞ്ചായത്ത് നടത്തിയ ഇ-ടെണ്ടറുകളുടെ ടെണ്ടർ ഐ.ഡി, ബിഡ് സമർപ്പണ ഫീസ്, പങ്കെടുത്ത കരാറുകാരുടെ എണ്ണം തുടങ്ങിയ വിവരങ്ങളായിരുന്നു ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടത്. പഞ്ചായത്തിന്റെ പക്കൽ ഈ വിവരങ്ങൾ ഇല്ലാത്തതിനാലാണ് എൻക്വയറിക്ക് മറുപടി നൽകാത്തത് എന്നാണ് മനസ്സിലാക്കുന്നത്. ആയതിനാൽ 2017-18 വർഷം നടത്തിയ ഇ-ടെണ്ടറുകളുടെ എല്ലാ വിവരങ്ങളും അന്വേഷിച്ച് കണ്ടെത്തേണ്ടതും ബിഡ് സബ്മിഷൻ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുകകൾ ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. 2017-18 ൽ ബില്ലുകൾ നൽകിയ പ്രവൃത്തികളിൽ ഇ-ടെണ്ടർ നടത്തിയവയുടെ പ്രോജക്ട് നം, ടെണ്ടർ ഐ.ഡി എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | ടെണ്ടർ ഐ.ഡി. |
|---|---|---|
| 1 | 45/18 | 2017-LSGD-113896-2 |
| 2 | 21/18 | 2017-LSGD-115380-1 |
| 3 | 13/18 | 2017-LSGD-114163-2 |

| | | |
|---|---|---|
| 4 | 16/18 | 2017-LSGD-113984-2 |
| 5 | 124/18 | 2017-LSGD-114874-1 |
| 6 | 179/18 | 2017-LSGD-163902-2 |
| 7 | 50/18 | 2017-LSGD-118901-1 |
| 8 | 255/18 | 2017-LSGD-163902-8 |
| 9 | 267/18 | 2017-LSGD-163902-12 |
| 10 | 186/18 | 2017-LSGD-163902-4 |
| 11 | 339/18 | 2017-LSGD-163902-16 |
| 12 | 262/18 | 2017-LSGD-163902-10 |

## 2-10 വസ്തു നികുതി വൻ കുടിശ്ശിക.

31.03.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി തൻ വർഷ പിരിവിൽ 56,84,089/- രൂപ ബാക്കിയുണ്ട്. കൂടാതെ കുടിശ്ശികയിൽ 27,30,865/- രൂപയും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. വസ്തു നികുതി പരിഷ്കരണം പഞ്ചായത്തിൽ പൂർത്തിയായിട്ടുണ്ട്. സഹായക സോഫ്റ്റ്‌വെയറുകളായ സാംഖ്യ, സഞ്ചയ എന്നിവ ഇന്റഗ്രേറ്റ് ചെയ്ത് സുസജ്ജമായി പ്രവർത്തിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വസ്തു നികുതിയിനത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമസഭകളിൽ ജനപങ്കാളിത്തം വർദ്ധിക്കാനുതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് നിയമം- 1994 വകുപ്പ് 3(2) ആണ് ഗ്രാമസഭയെന്താണെന്ന് വിശദീകരിച്ചത്. ഇതനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിലുൾപ്പെട്ട ഒരു ഗ്രാമത്തെ വോട്ടർപ്പട്ടികയിൽ പേര് ചേർത്തിട്ടുള്ള എല്ലാ ആളുകളും ചേർന്നതാണ് ആ വാർഡിലെ ഗ്രാമസഭ. വകുപ്പ് 3 എ. യിൽ ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ഗ്രാമസഭകളിലെ ജനപങ്കാളിത്തവിവരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തയ്യാറാക്കിയ വാർഷിക റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആസൂത്രണവുമായി ബന്ധപ്പെട്ട പ്രധാന ചുമതലകൾ താഴെ കൊടുക്കുന്നു.

3എ(1)(എ)– പഞ്ചായത്തിന്റെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക;

(ബി)-ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന

പരിപാടികളുടേയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശിക്കുകയും ചെയ്യുക;

(സി)-ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച്, നിശ്ചയിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് മുൻഗണന ക്രമത്തിൽ, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക;

(എം)-ഗ്രാമസഭയുടെ പ്രദേശത്തെ സംബന്ധിച്ച് പഞ്ചായത്ത് എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റേയും യുക്തി അറിയുക

(എൻ)-ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയുക.

(പി)-ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

വകുപ്പ് (9) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിൻമേൽ അന്വേഷണം നടത്തുകയും ചെയ്ത ശേഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് അയക്കേണ്ടതാണ്. ലിസ്റ്റിലെ മുൻഗണന ക്രമത്തിന് ഗ്രാമപഞ്ചായത്ത് മാറ്റം വരുത്താൻ പാടില്ലാത്തതുമാണ്.

മുകളിൽ പ്രതിപാദിച്ചത് ഗ്രാമസഭകളുടെ പ്രധാന അധികാരങ്ങളും ചുമതലകളുമാണ്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും മിനുട്സുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

1)എല്ലാ വാർഡുകളിലെ ഗ്രാമസഭകളിലും ഏറെക്കുറെ ക്വാറത്തിനടുത്ത ആളുകൾ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. ബാക്കി 90% വോട്ടർമാരും ഇതിന്റെ ഭാഗവാക്കാവാതെ നിൽക്കുന്നു.

2)ഓരോ വാർഡിന്റേയും പ്രശ്നങ്ങളേയോ പരിഹാരങ്ങളേയോ കുറിച്ച് സമഗ്രമായ ചർച്ചകളോ നിർദ്ദേശങ്ങളോ ഉണ്ടാകുന്നില്ല.

3)ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരുന്ന ഗ്രാമസഭകളിൽ മാത്രമേ ക്വാറത്തിനടുത്ത ആളുകൾ പങ്കെടുക്കുന്നുള്ളൂ. മറ്റു ഗ്രാമസഭകളിലെ ജനകീയ പങ്കാളിത്തം വളരെ കുറവാണ്.

4)എല്ലാ ഗ്രാമസഭകളിലും പൊതുവായ നിർദ്ദേശങ്ങൾ മാത്രമേ വരുന്നുള്ളൂ. പ്രദേശത്തിന്റെ പ്രത്യേകത, അവിടങ്ങളിലെ പ്രധാന പ്രശ്നങ്ങൾ, അത് പരിഹരിക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ എന്നിവ വിശദമായി ചർച്ച ചെയ്യുന്നില്ല.

5)ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും ഒരു ഗ്രാമസഭയും തയ്യാറാക്കിയിട്ടില്ല.

6)ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയാവുന്നതാണെന്ന് പഞ്ചായത്ത് രാജ് നിയമത്തിൽ പറയുന്നുണ്ടെങ്കിലും ഇത്തരം ചർച്ചകളൊന്നും നടക്കാറില്ല.

7)ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യേണ്ടതാണെങ്കിലും പല ഗ്രാമസഭകളും ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നില്ല.

8)റോഡുകളെ സംബന്ധിച്ച നിർദ്ദേശങ്ങളാണ് അധിക ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നത്.

9)വകുപ്പ് 3 പ്രകാരം ഗ്രാമസഭയുടെ പരിഗണനയ്ക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ ഒരു ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നില്ല.

10) വകുപ്പ് 3എ(1)(ജെ) പ്രകാരം സർക്കാരിൽ നിന്നും ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധതരം ക്ഷേമസഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കൽ ഗ്രാമസഭകളുടെ ചുമതലകളാണെങ്കിലും അത്തരത്തിൽ ഒന്നും ചെയ്തതായി കാണുന്നില്ല.

11)വകുപ്പ് 3എ(1)(ഐ) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃകമ്മിറ്റികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണെങ്കിലും അത്തരത്തിൽ ചെയ്തതായി കാണുന്നില്ല.

<u>മുകളിൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ താഴെ വിവരിക്കുന്നു,</u>

1) എല്ലാ തരത്തിലുള്ള ആളുകളേയും ഗ്രാമസഭയിലെത്തിക്കാൻ വേണ്ട ബോധവത്കരണം നടത്തുക. ഗ്രാമസഭയെന്നാൽ കേവലം ജനകീയാസൂത്രണ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരുന്ന യോഗം മാത്രമല്ലെന്നും ആ ഗ്രാമത്തിലെ എല്ലാ തരത്തിലുള്ള ആസൂത്രണങ്ങളുടേയും ഉറവിടം ഗ്രാമസഭയിൽ നിന്നാണെന്ന ബോധം ജനങ്ങളിലെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

2)ഗ്രാമസഭയിൽ ക്രിയാത്മകമായ ചർച്ച ഉയർത്തിക്കൊണ്ടുവരേണ്ടതും, ചർച്ച ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക.

3)ഗ്രാമസഭയിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾക്ക് ഭരണസമിതി അർഹമായ പ്രാധാന്യം നൽകാറുണ്ട് എന്ന് ജനങ്ങളെ ബോധവത്കരിക്കുക.

4)ഗ്രാമസഭാ നിർദ്ദേശങ്ങളാണ് വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവയിലൂടെ ചർച്ച ചെയ്ത് പ്രൊജക്ടുകളായി രൂപപ്പെടേണ്ടത്.

5)ജനങ്ങൾക്ക് പൊതുവേ സൗകര്യപ്രദമായ ദിവസം എല്ലാവർക്കും അറിയിയിപ്പ് നല്കി ഗ്രാമസഭ വിളിച്ച് കൂട്ടുക.

## 3-2 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് - പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ: SO.332/18; പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് മെഷ്യൻ വാങ്ങൽ

അടങ്കൽ തുക: ₹12,00,000/- രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട് ₹6,75,000+ തനത്ഫണ്ട് ₹5,25,000)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ചെലവ് വിവരം- വൗച്ചർ നം. 21701059/21.03.2018, തുക:₹ 6,75,000/-

മംഗൽപാടി ഗ്രാമ പഞ്ചായത്തിലെ കുബന്നൂർ എന്ന സ്ഥലത്ത് നിലവിലുള്ള മാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ കെട്ടിടത്തിൽ ശുചിത്വ മിഷൻ ഫണ്ട് ഉപയോഗിച്ച് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ക്ലീൻ കേരളാ കമ്പനിക്ക് 9,82,943/- രൂപയുടെ കരാർ നൽകിയിരുന്നു. കരാർ അനുസരിച്ച് മുൻകൂർ തുകയായി NEFT വഴി വൗച്ചർ നം.21701059/21.03.2018 പ്രകാരം 6,75,000 രൂപ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നല്കിയിരുന്നു, ബാക്കി വന്ന തുക സ്പിൽഓവറായി 2019-20-ൽ ഉൾപ്പെടുത്തിയിരുന്നു. ആയത് പ്രകാരം 3,07,943രൂപയടക്കം ആകെ 9,82,943/- രൂപ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി യൂണിറ്റ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ക്ലീൻ കേരളാ കമ്പനി 31.10.2017- ന് ഗ്രാമപഞ്ചായ ത്തുമായി ഒപ്പുവെച്ച എഗ്രിമെന്റ് പ്രകാരം മെഷ്യനുകളുടെ ഗ്യാരണ്ടി ഇൻവോയ്സ് തീയ്യതി മുതൽ ഒരു വർഷമാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്, ക്ലീൻ കേരളാ കമ്പനി 19.01.2018-ന് മെഷ്യൻ സ്ഥാപിച്ച് ഇൻവോയ്സ് പ്രകാരം 9,82,943/- രൂപ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ വാറന്റി കാലാവധി 19.01.2019-ന് കഴിഞ്ഞതായി കാണുന്നു. വാറന്റി കാലാവധി കഴിഞ്ഞിട്ടും മെഷ്യനുകൾ സജ്ജമാക്കി യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ നാളിതുവരെയായി യൂണിറ്റ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 22.01.2019 ന് 14/2019 നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, ഉപകരണങ്ങൾ ലഭ്യമാക്കാൻ മാത്രമാണ് പ്രൊജക്ട് തയ്യാറാക്കിയതെന്നും, യൂണിറ്റ് പ്രവർത്തിപ്പിക്കാൻ ആവശ്യമായ 3 ഫേസ് കണക്ഷൻ ലഭ്യമല്ലാത്തതിനാൽ യന്ത്രം പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടില്ല, ആയതിന് വേണ്ടി 2018-19 വർഷം പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

പദ്ധതി വിഭാവനം ചെയ്യുമ്പോൾ യന്ത്രം സ്ഥാപിക്കാനുള്ള അടിസ്ഥാന സൗകര്യം ലഭ്യമാണോ എന്ന് അന്വേഷിക്കാതെയും യാതൊരു മുന്നൊരുക്കങ്ങളുമില്ലാതെയും ഭീമമായ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഒരു വർഷം മുന്നേ ചെലവഴിച്ച 9,82,943/- രൂപയുടെ ഫലപ്രാപ്തി നാളിതു വരെ ഉണ്ടായിട്ടില്ല. 3 ഫേസ് കണക്ഷൻ ലഭ്യമാക്കി, അടിയന്തിരമായി ഷ്രെഡിങ്ങ് യൂണിറ്റ് പ്രവർത്തന ക്ഷമമാക്കേണ്ടതാണ്. യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്ന തീയ്യതി മുതൽ ഒരു വർഷത്തേക്ക് ക്ലീൻ കേരള കമ്പനിയുടെ സൂപ്പർവിഷൻ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. യൂണിറ്റ് നാളിതുവരെ പ്രവർത്തനക്ഷമമാക്കാത്തതിനാൽ 2017-18 വർഷം ചെലവഴിച്ച 6,75,000/- രൂപ

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

സ.ഉ.(പി.)7/2016/ഫിൻ. തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോണ്ടട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷനും ആയതിന് ശേഷം ജോലിയിൽ പ്രവേശിച്ചവരുടെ കോൺട്രിബ്യൂട്ടറി പെൻഷനും അടവാക്കി വിശദ വിവരം അറിയിക്കേണ്ടതാണ്.

## 3-4 കുടിവെള്ള വിതരണം- സർക്കാർ ഉത്തരവ് പാലിക്കാത്തതും മറ്റ് അപാകതകളും

വൗച്ചർ നം.21700254/30.06.2017 – 3,97,783/- രൂപ, നിർവ്വഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ വരൾച്ചബാധിത പ്രദേശങ്ങളിൽ കുടിവെള്ളവിതരണം നടത്തിയതിന് മേൽ വൗച്ചർ പ്രകാരം ആകെ 3,97,783/- രൂപ ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള വിതരണം സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1)സർക്കാർ ഉത്തരവ് പാലിക്കാത്തത്

2017-18 വർഷം കുടിവെള്ളക്ഷാമം നേരിട്ട ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്ത വകയിൽ, ക്വട്ടേഷൻ വ്യവസ്ഥ പ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്ത മുഹമ്മദ്.എം.എ. എന്നവർക്ക് കിലോമീറ്ററിന് 54.50 രൂപ നിരക്കിൽ 10650000 ലിറ്റർ കുടിവെള്ളത്തിന് ഒരു ശതമാനം ആദായനികുതി (4,018രൂപ)കഴിച്ച് ബാക്കി 3,97,783രൂപ നൽകുകയുണ്ടായി (വൗച്ചർനമ്പർ.21700254 തിയ്യതി. 30-06-2017). സർക്കാർ ഉത്തരവ് (ആർ.ടി.) 807/2012 ത.സ്വ.ഭ.വ. തിയ്യതി 20/03/2012 പ്രകാരം ഇങ്ങനെ കുടിവെള്ള വിതരണത്തിനായി ചിലവാക്കുന്ന തുകയ്ക്ക് പിന്നീട് ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണം വാങ്ങേണ്ടതാണ് എന്നും, വരൾച്ചക്കു ശേഷം ചേരുന്ന ഗ്രാമസഭയിൽ/വാർഡ് സഭയിൽ ജലവിതരണത്തെ സംബന്ധിച്ച വിവരങ്ങൾ സമർപ്പിച്ച് ചർച്ച ചെയ്യണമെന്നും, ജല വിതരണം നടത്തുന്ന ടാങ്കർ ലോറികളുടെ ട്രിപ്പ് ഷീറ്റ് ബന്ധപ്പെട്ട വാർഡ് പ്രതിനിധിയും എ. ഡി. എസ്. ചെയർപേഴ്സണും സാക്ഷ്യപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി

നിബന്ധനകൾ പാലിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)വേണ്ടത്ര പ്രചാരണം നൽകാതെയുള്ള ക്വട്ടേഷൻ നടപടികൾ.

ക്വട്ടേഷൻ നോട്ടീസ് നമ്പർ എ1/326/17 തീയ്യതി.18.04.2017 പ്രകാരമാണ് ഈ പ്രവൃത്തിയുടെ ക്വട്ടേഷൻ ക്ഷണിച്ചത്. ക്വട്ടേഷൻ സമർപ്പിക്കാനുള്ള അവസാന തീയ്യതി 25.04.2017 ആയിരുന്നു. ഫയൽ പരിശോധിച്ചതിൽ, ക്വട്ടേഷൻ ഗ്രാമ പഞ്ചായത്ത് നോട്ടീസ് ബോർഡ്,അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ്. കൃഷിഭവൻ എന്നിവിടങ്ങളിൽ പരസ്യപ്പെടുത്തിയതായി ഫയലിൽ സൂക്ഷിച്ച ക്വട്ടേഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പത്രത്തിലോ, വെബ്സൈറ്റിലോ പരസ്യപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും ക്വട്ടേഷന് വേണ്ടത്ര പ്രചാരണം നൽകിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

3)ക്വട്ടേഷൻ തുറന്നത് - നിബന്ധനകൾ പാലിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് നമ്പർ(പി).259/2010/ത.സ്വ.ഭ.വ. തീയ്യതി.08.11.2010 പ്രകാരം (തദ്ദേശ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖ) ക്വട്ടേഷനുകൾ ലേലക്കാരുടെ/ലേലക്കാരുടെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ പരസ്യമായി തുറക്കണം. ക്വട്ടേഷൻ കവറുകളിൽ അടക്കം ചെയ്തിട്ടല്ല സ്വീകരിച്ചത് എന്ന് കാണുന്നു. കവർ രേഖയായി സൂക്ഷിച്ചതായി കാണുന്നില്ല. ക്വട്ടേഷനിൽ ക്വട്ടേഷൻ തുറന്ന ഉദ്യോഗസ്ഥൻ നിരക്ക് സാക്ഷ്യപ്പെടുത്തി ഒപ്പുവയ്ക്കുകയും ചെയ്തിട്ടില്ല.

4)കരാർ ഒപ്പു വച്ചിട്ടില്ല.

ശ്രീ.പി.മുഹമ്മദ് ബഷീറുമായി പഞ്ചായത്ത് കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തി ഒപ്പു വച്ചിട്ടില്ല. എന്നാൽ ശ്രീ. മുഹമ്മദ്.എം.എ. രണ്ട് 100 രൂപ വിലയുള്ള രണ്ട് സ്റ്റാമ്പ് പേപ്പറുകൾ ഹാജരാക്കിയിട്ടുണ്ട്. എപ്രകാരമാണ് കുടിവെള്ളത്തിന്റെ വിതരണം ക്രമപ്പെടുത്തേണ്ടത് എന്നും ആയതിന് മേൽനോട്ടം വഹിക്കുന്നതിനും മോണിറ്റർ ചെയ്യേണ്ട രീതി എന്നിവയൊന്നും വ്യവസ്ഥ ചെയ്യാതെയാണ് കരാറുകാരൻ വിതരണം നടത്തിയതായി കാണുന്നത് . ഓരോ ദിവസത്തെയും വിതരണം അന്നന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5)ടാങ്കുകളുടെ അളവ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കോൺട്രാക്ടർ വിവിധ വാഹനങ്ങളിൽ ഫിറ്റ് ചെയ്ത കുടിവെള്ള ടാങ്കുകളുടെ അളവുകൾ ഗ്രാമ പഞ്ചായത്ത് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ കോൺട്രാക്ടർ അവകാശപ്പെട്ടവിധം അളവിൽ വെള്ളം വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. മാത്രമല്ല ട്രിപ് ഷീറ്റുകൾ പരിശോധിച്ചപ്പോൾ കോൺട്രാക്ടർ വെള്ളം വിതരണം ചെയ്യുന്നതിന് ഉപയോഗിച്ച ഓരോ വാഹനവും ഒരു ദിവസം നടത്തിയ ഒന്നിലേറെ ട്രിപ്പുകൾക്ക് ഒരു ട്രിപ് ഷീറ്റ് മാത്രമേ വച്ചിട്ടുള്ളൂ, മാത്രമല്ല ട്രിപ് ഷീറ്റുകളിൽ വാഹനം പുറപ്പെട്ട സമയം എത്തിയ സമയം എന്നിവ രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ ട്രിപ് ഷീറ്റുകളുടെ പരിശോധനയിൽ നിന്നും ഓരോ വാഹനവുംനടത്തിയ ട്രിപ്പുകളുടെ ആധികാരികത വ്യക്തമല്ല. KL 14N 6740, KL 14Q 3759, KL 14N 956 എന്നീ വാഹനങ്ങൾ ഉപയോഗിച്ചാണ് കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളത് എന്ന് ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ KL 14Q 3759, KL 14N 956 എന്നീ വാഹനങ്ങൾ അശോക് ലേയ് ലാൻഡ് വാഹത്തിന്റെ DOST എന്ന

മോഡൽ വാഹനമാണ്, ഇതിൽ പരമാവധി ലോഡിംഗ് കപാസിറ്റി 3 ടൺ മാത്രമാണ്. ഈ വാഹനങ്ങളുടെ പരമാവധി ലോഡിംഗ് കപാസിറ്റി എത്രയാണെന്നതിനെ കുറിച്ച് വിശദമായ അന്വേഷണം നടത്താതെയാണ് ട്രിപ്പ് ഷീറ്റുകളുടെ അടിസ്ഥാനത്തിൽ കോൺട്രാക്ടർക്ക് പ്രതിഫലം അനുവദിച്ചത്. ആയത് ക്രമപ്രകാരമല്ല. കോൺട്രാക്ടർ 10650000 ലിറ്റർ വെള്ളം വിതരണം ചെയ്തുവെന്നാണ് കോൺട്രാക്ടർ ഹാജരാക്കിയ രേഖകളിൽ പറയുന്നത്. ആയതിന് 3,97,783/- രൂപ പ്രതിഫലവും വാങ്ങിയിട്ടുണ്ട്. ആയത് പ്രകാരം ഒരു ലിറ്റർ വെള്ളത്തിന് 0.03735 പൈസ വിലയ്ക്കാണ് വിതരണം നടത്തിയതെന്ന് കാണുന്നു. ആയത് പ്രകാരം വെള്ളം വിതരണം നടത്തിയ വാഹനങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരം താഴെ കൊടുക്കുന്നു.

| വാഹന നമ്പർ | വണ്ടിയുടെ തരവും, CC-യും | ട്രിപ്പുകളുടെ എണ്ണം | കോൺട്രാക്ടർവിതരണം ചെയ്തുവെന്നു പറയപ്പെടുന്ന വെള്ളത്തിന്റെ അളവ് (ലിറ്ററിൽ)/ നല്കിയ തുക | കോൺട്രാക്ടർക്ക് നല്കാവുന്ന പരാമാവധി തുക | അധികം നല്കിയ തുക |
|---|---|---|---|---|---|
| KL 14N 6740 | 2523 CC | 922 | 922.X5000= 46,10,000ലിറ്റർ. 1,72,189 രൂപ | 922.X5000= 46,10,000ലിറ്റർ. 1,72,189 രൂപ | ഇല്ല. |
| KL 14Q 3759 | 1478 CC | 712 | 712X5000= 35,60,000ലിറ്റർ. 1,32,966 രൂപ | 712X3000= 21,36,000 ലിറ്റർ. 79,780 രൂപ | 53,186 |
| KL 14N 956 | 1478 CC | 496 | 496X5000= 24,80,000ലിറ്റർ. 92,628 രൂപ | 496X3000= 14,88,000 ലിറ്റർ. 55,577 രൂപ | 37,051 |
| ആകെ | | | 3,97,783/- രൂപ | 3,07,546/- രൂപ | 90,237/-രൂപ |

അധികം നല്കിയ 90,237/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

6)<u>കോൺട്രാക്റുടെ കൃത്യനിർവ്വഹണം കാര്യക്ഷമമയി മോണിറ്റർ ചെയ്യാതെ പ്രതിഫലം നൽകി.</u>

ഒരു വാർഡിന്റെ വിവിധ ഭാഗങ്ങളിൽ ഒരേ സമയത്തും, പുലർച്ചെ മുതൽ രാത്രി വരെ വിവിധ സമയങ്ങളിലും കുടിവെള്ള വിതരണം നടത്തും എന്നതിനാൽ പ്രസ്തുത പ്രദേശങ്ങളിലെ എ.ഡി.എസ്, ഗുണഭോക്താക്കൾ, വാർഡ് മെമ്പർ എന്നിവർ ഉൾക്കൊള്ളുന്ന ഒരു മോണിറ്ററിംഗ്

സംവിധാനത്തിന്റെ നിരന്തര മേൽനോട്ടത്തിൽ മാത്രമെ കോൺട്രാക്ടറുടെ പ്രവൃത്തി നിർവ്വഹണം കാര്യക്ഷമമായി മോണിറ്ററിംഗ് ചെയ്യാൻ സാധ്യമാകുമായിരുന്നുള്ളൂ. എന്നാൽ ഇതിനു പകരം മെമ്പർമാർ മാത്രമാണ് കുടിവെള്ള വിതരണം മോണിറ്റർ ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ, മെമ്പർമാരുടെ തനിച്ചുള്ള മോണിറ്ററിംഗ് ഇക്കാര്യത്തിൽ വേണ്ടത്ര കാര്യക്ഷമമാകുക സാധ്യമല്ല. ഈ സാഹചര്യത്തിൽ, കുടുംബശ്രീ പോലുള്ള പൊതു സംവിധാനങ്ങളുടെയും, യഥാർത്ഥ ഗുണഭോക്താക്കളുടെയും മോണിറ്ററിംഗ് ഇല്ലാതെ/സാക്ഷ്യപത്രം ലഭ്യമാക്കാതെ, മെമ്പർമാരുടെ മാത്രം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടർക്ക് പ്രതിഫലം അനുവദിച്ചത് ക്രമപ്രകാരമല്ല എന്ന് കാണുന്നു.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (16/22.01.2019) മറുപടിയൊന്നും ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയിൽ അധികം നൽകിയതായ 90,237 രൂപ നിരാകരിക്കുന്നു. ബാക്കി 3,07,546 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-5 ഫലപ്രദമല്ലാത്ത മോണിറ്ററിങ്ങ് സംവിധാനം

പതിമൂന്നാം പഞ്ചവത്സരപദ്ധതി ജി ഒ (എം എസ്)72/2017 ത.സ്വ.ഭ.വ. തി. 29-03-2017 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. കൂടാതെ പ്രോജക്ട് നിർവ്വഹണം പൂർത്തിയായാൽ ഒരു പൂർത്തീകരണപത്രം എല്ലാ നിർവ്വഹണഉദ്യോഗസ്ഥരും തയ്യാറാക്കണം. പ്രോജക്ടിന്റെ ഭൗതിക നേട്ടങ്ങൾ, കൈവരിച്ച നേട്ടങ്ങൾ എന്നിവ പൂർത്തീകരണപത്രത്തിൽ ഉൾപ്പെടുത്തണം.

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ വിവിധ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തി രേഖപ്പെടുത്തുകയും പൂർത്തീകരണ പത്രം തയ്യാറാക്കുകയും ചെയ്തിട്ടില്ല. ഭാവിയിൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം പ്രോജെക്ടുകളുടെ നിർവ്വഹണം പൂർത്തിയായാൽ മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ പത്രം എന്നിവ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സമയ ബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിൽ വർക്കിങ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതായോ നിർവ്വഹണോദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുന്നതായോ ചെയ്തതായി കാണുന്നില്ല.

## 3-6 വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം അപേക്ഷകളും, മാര്യേജ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല.

നിർവ്വഹണം - സെക്രട്ടറി

| ബിൽ നം. | ചെലവ് തുക |
|---|---|

| | |
|---|---|
| 23/16.03.2018 | ₹6,00,000/- |
| 28/31.03.2018 | ₹11,10,000/- |
| ആകെ | ₹17,10,000/- |

തൻവർഷം ധനസഹായം നൽകിയ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മാര്യേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ തുക നൽകിയിട്ടുണ്ട്. 57 ഗുണഭോക്താക്കൾക്കാണ് തുക നല്കിയിട്ടുള്ളത് അവരുടെ ധനസഹായത്തിനുള്ള അപേക്ഷയും, മാര്യേജ് സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എങ്ക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-16/22.01.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച ആകെ 17,10,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-7 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ.

ഹെഡ്മാസ്റ്റർ 2017-18 വർഷത്തിൽ നിർവ്വഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട ചെലവ് രേഖകളുടെ പരിശോധനയിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപെടുകയുണ്ടായി.

1)സിൽക്കിനെ കരാർ ഏൽപ്പിച്ചതിലെ അപാകതകൾ.

| പ്രൊജക്റ്റ് | ചെലവ് തുക |
|---|---|
| മംഗൽപാടി G.B.L.P.S. സ്കൂളിന് സ്മാർട്ട് ക്ലാസ് റൂംSO.161/18 | ₹6,00,000 (ബില്ല് നം.8/22.02.2018) |
| മംഗൽപാടി G.B.L.P.S. സ്കൂളിന് സോളാർ പ്ലാന്റ് SO.174/18 | ₹6,00,000 (ബില്ല് നം-5/15.02.2018) |
| മുളിഞ്ച G.L.P.S. സ്കൂളിന് സ്മാർട്ട് ക്ലാസ് റൂം SO.337/18 | ₹6,00,000 (ബില്ല് നം-9/15.02.2018) |
| മുളിഞ്ച G.L.P.S സ്കൂളിന് മുളിഞ്ച G.L.P.S. സ്കൂ SO.338/18 | ₹6,00,000 (ബില്ല് നം-6/15.02.2018) |

പഞ്ചായത്തിലെ മംഗൽപാടി G.B.L.P.S. സ്കൂൾ, മുളിഞ്ച G.L.P.S. സ്കൂൾ എന്നിവയ്ക്ക് സോളാർ പ്ലാന്റ്, സ്മാർട്ട് ക്ലാസ് റൂം എന്നിവ നിർമ്മിക്കുന്നതിന് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് എന്ന

സ്ഥാപനത്തിന് വിവിധ ബില്ലുകളിലായി 24,00,000 രൂപ നല്കിയിട്ടുണ്ട്. ടെണ്ടർ നടപടികൾ ക്ഷണിക്കാതെ നേരിട്ട് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരളയ്ക്ക് കരാർ നല്കുകയാണ് ചെയ്തിട്ടുള്ളത്. ഫിനാൻസ് (ഇൻഡസ്ട്രിയസ് & പബ്ലിക്ക് വർക്ക-B)ഡിപ്പാർട്ട്മെന്റിന്റെ 18.09.2017-ലെ G.O.(P.)No.122/2017/Fin. ഉത്തരവ് പ്രകാരം steel structure-കൾ സ്ഥാപിക്കുന്നതിനും ഇലക്ട്രോ മെക്കാനിക്കൽ വർക്കുകൾ ചെയ്യുന്നതിനും, ഈ പ്രവർത്തികളുടെ അനുബന്ധമായി വരുന്ന സിവിൽ വർക്കുകൾ ചെയ്യുന്നതിനുമാണ് സിൽക്കിനെ PMC യായി അംഗീകരിച്ചിട്ടുള്ളത്. എന്നാൽ ഇവിടെ മുകളിൽ വിവരിച്ച നാല് പ്രൊജക്ടുകളിലും steel structure-കൾ സ്ഥാപിക്കുന്നതിനോ, ഇലക്ട്രോ മെക്കാനിക്കൽ വർക്കുകൾ ചെയ്യുന്നതിനോയുള്ള അനുബന്ധ പ്രവർത്തികളായല്ല സിവിൽ വർക്കുകൾ ചെയ്തിട്ടുള്ളത്. ഉദാ- പെയ്ന്റിംഗ്, ടൈൽസ് പാകൽ, ടേബിളുകളും ചെയറുകളും വാങ്ങൽ തുടങ്ങിയവ. ആയതിനാൽ മേൽ പ്രവർത്തികൾ ടെണ്ടർ നടപടികൾ കൂടാതെ സ്റ്റീൽ ഇൻഡസ്ട്രിയൽസിനെ ഏൽപ്പിച്ച നടപടി ശരിയല്ല. ഈ നടപടി നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനം കൂടിയാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 15/22.01.2018).

2)S.S.A. പ്രൊജക്ട് - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് - S.S.A. പഞ്ചായത്ത് വിഹിതം നൽകൽ , പ്രോ.നം. - So.143/18

അടങ്കൽ - 46,24,000 (പ്ലാൻ - ജനറല്)

ബിൽ നം. 2/24-10-2017 : ₹24,50,000/-, ബിൽ നം. 3/14-11-2017 : ₹21,74,000/

ജി.ഒ. (എം.എസ്.) 4/2016 തി. 11.01.2016, ഖണ്ഡിക11.6.ii പ്രകാരം എസ്.എസ്.എ. യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ S.S.A. പ്രൊജക്ട് തയ്യാറാക്കേണ്ടത്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും, എസ്.എസ്.എ. യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ S.S.A. പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. പ്രൊജക്ട് തദ്ദേശ സ്വയംഭരണ ഭരണ സമിതി അംഗീകരിക്കണം എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്. ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.എസ്.എ. വിഹിതം നൽകൽ എന്ന മേൽ പദ്ധതിക്കായി പിൻവലിച്ച 46,24,000 രൂപ ഏതെല്ലാം സ്കൂളുകൾക്ക്, ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നതു സംബന്ധിച്ച് വിശദമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. ആയതു ഹാജരാക്കുന്നതു വരെ 46,24,000രൂപയുടെ (24,50,000+21,74,000) ചെലവ് തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം. 15/22.01.2018).

## 3-8 ന്യൂട്രിമിക്സ് പർച്ചേസ്- അധിക നിരക്കിൽ GST നൽകി- പഞ്ചായത്ത് ഫണ്ടിന് 12,285/- രൂപയുടെ നഷ്ടം.

പ്രൊജക്ട് : അംഗനവാടി അനുപൂരക പോഷകാഹാരം (277/2018),

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സുപ്രവൈസർ

കുടുംബശ്രീ സ്ഥാപനമായ കണ്ടംകുറ്റിച്ചാൽ ന്യൂട്രിമിക്സ് യൂണിറ്റ്, മടിക്കൈ എന്ന സ്ഥാപനത്തിൽ നിന്നുമാണ് അംഗനവാടികളിലൂടെ വിതരണം ചെയ്യുന്നതിനുള്ള പോഷകാഹാരം (അമൃതം ന്യൂട്രിമിക്സ്) വാങ്ങിയിട്ടുള്ളത്. G.O.(M.S.)No. 1450/2018 L.S.G.D, dtd. 25.05.2018 ഉത്തരവ് പ്രകാരം 01.11.2017 മുതൽ അമൃതം ന്യൂട്രിമിക്സിന്റെ ജി. എസ്. ടി. 5% ആക്കി പുനർനിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ താഴെ ചേർത്ത ബില്ല് പ്രകാരം അധിക നിരക്കിൽ (18%) ജി. എസ്. ടി. നൽകിയത് മൂലം 12,017 രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബില്ല് നം./ ചെക്ക് നം.& തീയ്യതി. തുക | ഇൻവോയ്സ് നം. | അനുവദിച്ച നികുതി | അനുവദിക്കാവുന്ന നികുതി | അധികം |
|---|---|---|---|---|
| 6/ 21.12.2017,Rs.1,16,810/-(94,500+22,310) | 009/ 07.12.2017 | ₹17,010 | ₹4,725 | ₹12,285 |
| ആകെ | | | | ₹12,285 |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി-നം.13/22.01.2019).ജി.എസ്.ടി. ഇനത്തിൽ അധികം നൽകിയ തുക മേൽസ്ഥാപനത്തിൽ നിന്നും ഈടാക്കുകയോ തുടർ ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ ബാധ്യതയായി കണക്കാക്കുവാൻ ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 3-9 <u>കാർഷികമേഖലയിൽ ഉല്പാദന വർദ്ധനവ് ലക്ഷ്യമാക്കി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തിയിട്ടില്ല.</u>

2017-18 വർഷത്തിൽ കാർഷികമേഖലയിൽ ഉല്പാദന വർദ്ധനവ് ലക്ഷ്യമാക്കി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തിയിട്ടില്ല. തെങ്ങ് കൃഷി, കവുങ്ങ് കൃഷി, നെൽകൃഷി, തുടങ്ങിയ മേഖലകളിൽ സമഗ്ര ഉല്പാദന വർദ്ധനവ് 2017-18 വർഷം ഗ്രാമപഞ്ചായത്ത് ലക്ഷ്യമാക്കിയിരുന്നു. അപേക്ഷകളിൽ ഭൂരി ഭാഗം പൂരിപ്പിക്കുനില്ല. (ഉദാഹരണം ഗ്രാമസഭാ തീർമാനം,നിർവ്വഹണ ഉദ്യോഗസ്ഥരുടെ അന്വേഷണ രിപ്പോർട്ട്, പഞ്ചായത് ഭരണസമിതി തിർമാനം എന്നവ) മോണിറ്ററിംഗ് കാര്യക്ഷമമായി പാലിക്കാൻ പാരഗ്രഫ് 6.2.4(ix) and 22(i) of G.O.(M.S) No.4/2016/L.S.G.D. dated 11.01.2016 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പല

പദ്ധതികളും ലക്ഷ്യം എത്രമാത്രം കൈവരിച്ചു എന്ന് വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് &നമ്പർ | പ്രോജക്ട ക്കോസ്റ്റ്(₹) | ചെലവ്(₹) |
|---|---|---|---|
| 1 | തെങ്ങ് കൃഷിക്ക് ജൈവ വളം 165/2017-18 (110 ഗുണഭോക്താക്കൽ) | 6,45,626/- | 3,22,331/- |
| 2 | Tissue Culture(193/2017-18) (130ഗുണഭോക്താക്കൽ) | 40,000/- | 40,000/ |
| 3 | കവുങ്ങ് കൃഷിക്ക് കുമിൾനാശിനി. 189/2017-18 (90 ഗുണഭോക്താക്കൽ) | 2,20,108/- | 1,10,054/- |
| 4 | Grow Bag Distribution(191/2017-18) (8ഗുണഭോക്താക്കൽ) | 1,00,000/- | 4000/- |
| 5 | power sprayer (194/2017-18) | 2,00,000/- | 1,80,000/- |
| 6 | പമ്പ് സെറ്റ് നൽക്കൽ 213/2017-18(30ഗുണഭോക്താക്കൽ) | 5,00,000/- | 2,49,253/- |
| 7 | നെൽ കൃഷിക്ക് കൂലി ചെലവ് 190/2017-18 (163 ഗുണഭോക്താക്കൽ) | 19,12,500/- | 12,75,000/- |
| | ആകെ | 36,18,234/- | 21,80,638/- |

## 3-10 കാർഷിക മേഖലയിൽ പദ്ധതി രൂപീകരണത്തിലെ പോരായ്മകൾ

ഗ്രാമ പഞ്ചായത്തിൽ കാർഷിക മേഖലയിൽ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ, അഗ്രോ സർവ്വീസ് സെന്റർ കാർഷിക ഔഷധ സസ്യ നഴ്സറി, ജല സ്രോതസ്സുകളുടെ സംരക്ഷണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ് എന്നീ സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിയ്ക്കേണ്ടതായുണ്ട്. എന്നാൽ ഇത്തരം പദ്ധതികളൊന്നും ഗ്രാമ പഞ്ചായത്തിൽആവിഷ്കരിക്കപെട്ടില്ല. ജനകീയാസൂത്രണം തുടങ്ങി വർഷങ്ങളായിട്ടും പരമ്പരാഗതമായി തുടരുന്ന വിത്ത്, വളം, തൈ എന്നിവ വിതരണം ചെയ്യുന്ന പദ്ധതികൾ, കൂലി ചെലവ് നല്കുന്നപദ്ധതികൾ, പമ്പ് സെറ്റ് വിതരണം, പവർ സ്പ്രേയർ, ഗ്രോ ബാഗ്, ടിഷ്യുകൾച്ചർ എന്നിവ മാത്രമാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്, ഇത്

മൂലം കാർഷിക മേഖലയുടെ സമഗ്രവികസനം സാധ്യമാകുന്നില്ല. ജി.ഒ. (എം.എസ്.) 72/17/ ത.സ്വ.ഭ.വ. തിയ്യതി 09-03-2017 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗ രേഖ പ്രകാരം കാർഷിക മേഖലയിൽ മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തട പരിപാലനം, വനവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രോൽസാഹിപ്പിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഈ മേഖലയ്ക്ക് ആവശ്യമായ പ്രാധാന്യം നല്കി, പദ്ധതികൾ നടപ്പിലാക്കിയതായി കാണുന്നില്ല.

## 3-11 ഉൽപാദന ബോണസ്- തുക കൈപറ്റിയത് ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

കർഷകർക്ക് ഉൽപ്പാദന ബോണസ് നൽക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2,75,000/- രൂപ ബിൽ നം. 24 തീയതി 16.03.2018 പ്രകാരം ട്രഷറിയിൽനിന്ന് പിൻവലിച്ച് കൃഷി ഓഫീസർക്ക് നൽകുകയുണ്ടായി. എന്നാൽ കൃഷി ഓഫീസർ പ്രസ്തുത തുക ടി.എസ്.പി. (720061400000013) അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. ആയതിനാൽ ഉൽപ്പാദന ബോണസ് ഇനത്തിൽ ലഭ്യമായ തുകയുടെ ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ കൈപ്പറ്റിയ തുക തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്.

## 3-12 ടെണ്ടർ കിഴിവ് വരുത്താതെ പാർട്ട് ബിൽ നൽകി- പാർട്ട് ബിൽ നൽകിയ ശേഷം പ്രവൃത്തി ഉപേക്ഷിച്ചു

പ്രോജക്ട് നം- 327/18- 2016-17 ലെ പ്രോജക്ട് നം 56 ന്റെ പേമെന്റ് നടത്തുന്നതിനുള്ള പ്രോജക്ട്

തനതു ഫണ്ട്-₹ 4,20,000

കരാറുകാരൻ- ശ്രീ.മുജീബ് റഹ്മാൻ.കെ.എം.- 6.87% കുറവ് നിരക്കിൽ

കരാർ നം- AE/LSGD/MGP/65/2014-15, തിയതി 09.03.2015

പേമെന്റ്- ചെക്ക് നം. 1358943, തിയതി 28.02.2018, ₹4,17,682

പഞ്ചായത്ത് പരിധിയിലെ 9 അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾക്കായി 2014-15 വർഷത്തിൽ 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും (പ്രോജക്ട്നം. 196/2014-15) ഇ ടെണ്ടർ നടത്തുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 6.87% കുറവ് നിരക്കിൽ ക്വാട്ട് ചെയ്ത കരാറുകാരൻ ശ്രീ മുജീബ് റഹമാൻ,കെ.എം. എന്നയാൾക്ക് 09.03.2015 ലെ കരാർ പ്രകാരം പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ നിർവഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല-

2015 മാർച്ച് മാസത്തിൽ കരാറിൽ ഏർപ്പെട്ട ഈ പ്രവൃത്തിയിൽ 29.04.2016 വരെയുള്ള കാലയളവിൽ 7 അങ്കണവാടികളിൽ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത പ്രവൃത്തികളിൽ ഏതാനും ചിലത് ചെയ്തതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് ഈ പ്രോജക്ടിൽ

പ്രവൃത്തികൾ ഒന്നും തന്നെ നടത്തിയിട്ടില്ല. പൂർത്തിയാക്കിയ പ്രവൃത്തികളുടെ പേമെന്റാണ് 2017-18 ൽ ഈ പ്രോജക്റ്റ് പ്രകാരം നടത്തിയിട്ടുള്ളത്. തുടർ പ്രവൃത്തികൾ ഉപേക്ഷിക്കപ്പെട്ടിരിക്കുകയാണ്. കരാർ പ്രകാരമുള്ള പ്രവൃത്തി ഭാഗികമായി മാത്രം നടത്തി തുടർ പ്രവൃത്തികൾ ഉപേക്ഷിച്ചതിന് കരാറുകാരനെതിരെ പഞ്ചായത്ത് നടപടികൾ ഒന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല.

2. ടെണ്ടർ നിരക്ക് കിഴിവ് വരുത്താതെ പാർട്ട് ബിൽ നൽകി-

പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യവും പ്രോജക്റ്റിന്റെ ആകെ ചെലവും 4,17,682 രൂപയാണ്. എന്നാൽ ടെണ്ടർ നിരക്കായ 6.87% കുറവ് കിഴിക്കാതെയാണ് പ്രോജക്റ്റിനായി തുക ചെലവഴിച്ചു കാണുന്നത്. ടെണ്ടർ കിഴിവ് വരുത്തിയിരുന്നെങ്കിൽ വഹിക്കേണ്ടി വരുമായിരുന്ന പ്രോജക്റ്റ് ചെലവ് ചുവടെ കണക്കാക്കുന്നു.

ആകെ പ്രവൃത്തി മൂല്യം- 4,17,682

(-) 6.87% കുറവ്- 28,695

വഹിക്കേണ്ടി വരുമായിരുന്ന പ്രോജക്റ്റ് ചെലവ്- 3,88,987

പഞ്ചായത്ത് വഹിച്ച പ്രോജക്റ്റ് ചെലവ്- 4,17,682

അധികച്ചെലവ്- 28,695രൂപ

3. പ്രവൃത്തിക്ക് പാർട്ട് ബിൽ ആണ് നൽകിയിട്ടുള്ളതെങ്കിലും കരാറുകാരനിൽ നിന്ന് പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതായി കാണുന്നില്ല. ജി.ഒ.(പി.)നം.429/15/ഫിൻ, തിയതി 28.09.2015 പ്രകാരം കരാറുകാരുടെ റണ്ണിംഗ് ബില്ലുകളുടെ ഗ്രോസ് തുകയുടെ 2.5% പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഇത്തരം ഒരു തുക ഈ പ്രവൃത്തിയുടെ പാർട്ട് ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല. ആയതിനാൽ തന്നെ പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ച കരാറുകാരനെതിരെ പിഴ ശിക്ഷ സ്വീകരിക്കുക അസാധ്യമായിരിക്കുകയാണ്.

ഈ സാഹചര്യങ്ങളിൽ ടെണ്ടർ കിഴിവ് വരുത്താതെ പാർട്ട് ബിൽ പേമെന്റ് നടത്തിയതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം പാർട്ട് ബിൽ പേമെന്റ് നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഈ പ്രവൃത്തിയിൽ കരാറുകാരൻ വച്ചിട്ടുള്ള പെർഫോമൻസ് ഗ്യാരന്റി തുക എത്രയാണ് എന്നും അതിന്റെ നിലവിലെ സ്ഥിതിയും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രവൃത്തി ഉപേക്ഷിക്കപ്പെട്ടതിനാൽ പെർഫോമൻസ് ഗ്യാരന്റി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 05, തിയതി 21.01.2019).

## 3-13 ഓവർഹെഡ് ചാർജസ് അനുവദിച്ചതിലെ അപാകതകൾ

29.02.2016 ലെ സ.ഉ.(പി.) നം. 30/2016/ധന. പ്രകാരം ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ്

അനുവദിക്കാവുന്നതാണ്. എന്നാൽ, ഗുണഭോക്തൃ കമ്മിറ്റി മുഖേന നിർവ്വഹണം നടത്തുന്ന റോഡ് പ്രവൃത്തികൾക്ക് MoRD സ്പെസിഫിക്കേഷൻ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ കണക്കാക്കുന്ന ഓവർഹെഡ് ചാർജ്ജ് 10% ആണ്. PRICE സോഫ്റ്റ് വെയർ പ്രകാരമുള്ള ഓവർഹെഡ് ചാർജ്ജ് സർക്കാർ നിശ്ചയിച്ച ഓവർ ഹെഡ് ചാർജ്ജിനേക്കാളും കൂടുതലായതിനാൽ ഇക്കാര്യത്തിൽ 14.12.2016 ലെ സർക്കാർ കത്ത് നമ്പർ Ind&PW-B2/266 /2016/Fin. പ്രകാരം ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് 7.5% നിരക്കിൽ തന്നെയാണ് ഓവർഹെഡ് ചാർജ്ജ് അനുവദിക്കേണ്ടതെന്ന് സ്പഷ്ടീകരണം നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.12.2016 ലെ DB3-6512(B)/2013/CE/L.S.G.D. നമ്പർ സർക്കുലർ പ്രകാരം MoRD സ്പെസിഫിക്കേഷൻ ഉപയോഗിച്ച് ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ വർക്ക് ബിൽ തുകയിൽ നിന്നും ഓവർ ഹെഡ് ചാർജ്ജിന്റെ 7.5% കഴിച്ചുള്ള തുക തിരികെ പിടിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് മാത്രമേ അനുവദിക്കുകയുള്ളൂ എന്നത് സംബന്ധിച്ച് സപ്ലിമെന്ററി ഉടമ്പടി വെക്കേണ്ടതാണെന്നും മേൽ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ അന്തിമ ബിൽ തയ്യാറാക്കുമ്പോൾ മേൽ നിർദ്ദേശം പാലിക്കുന്നതിൽ വരുത്തിയിട്ടുള്ള വീഴ്ചകൾ മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ പ്രവൃത്തിക്ക് - 7.5% ഓവർഹെഡ് ചാർജ് അനുവദിച്ചിട്ടും നികുതികൾ പഞ്ചായത്ത് വഹിച്ചു- നഷ്ടം

പ്രോജക്ട് നം. 23/17-18- ജി.എൽ.പി.സ്കൂൾ മുളിഞ്ച റൂഫ് പുനരുദ്ധാരണം

ചെക്ക് നം. 642315, തിയതി 30.06.2017- ₹1,00,000 (തനതു ഫണ്ട്)

ബിൽ നം. 01/2017-18, തിയതി 29.06.2017- ₹3,00,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

കൺവീനർ- ശ്രീ.ചന്ദ്രഹാസ ആൽവ

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 7.5% ഓവ്വഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തിയിട്ടും നികുതികളും ക്ഷേമ നിധി വിഹിതവും അടക്കാൻ പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചതായി കാണുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.12.2016 ലെ സർക്കുലർ നം. ഡി.ബി.3-9512(ബി)/2013/സി.ഇ/ത.സ്വ.ഭ.വ. പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ഉൾപ്പെടുത്താവുന്ന ഓവർഹെഡ് ചാർജ് 7.5% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം 7.5% ഓവർഹെഡ് ചാർജ് എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തുന്ന പക്ഷം നികുതികളും മറ്റു ചെലവുകളും ഓവർഹെഡ് ചാർജിൽ നിന്നും കണ്ടെത്തണമെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഓവർഹെഡ് ചാർജ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടും മൂല്യ വർദ്ധിത നികുതി, ക്ഷേമ നിധി വിഹിതം എന്നിവയ്ക്കുള്ള

ചെലവ് പഞ്ചായത്ത് തന്നെവഹിച്ചതായി കാണുന്നു. ആയതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, മറ്റു വിശദാംശങ്ങൾ | കരാറുകാരന് തുക നൽകിയതിന്റെ വിവരങ്ങൾ | അധികം നൽകിയ തുകയുടെ വിവരങ്ങൾ |
|---|---|---|---|
| 1 | 23/17-18- ജി.എൽ.പി.സ്കൂൾ മുളിഞ്ച റൂഫ് പുനരുദ്ധാരണം<br>എം. ബുക്ക് നം. 179/17-18<br>എസ്റ്റിമേറ്റ് നം- 2017/28059 | പ്രവൃത്തി മൂല്യം- ₹3,80,273<br>(+) മൂല്യ വർദ്ധിത നികുതി(5%)- ₹19,014<br>ക്ഷേമനിധി വിഹിതം (1%)- 3,803<br>ഗ്രോസ് തുക- ₹4,03,090<br>limited to₹ 4,00,000<br>(-) മൂല്യ വർദ്ധിത നികുതി-₹19,014<br>ക്ഷേമനിധി-₹3,803<br>ആദായനികുതി- ₹7,605<br>കൺവീനർക്ക് നൽകിയ തുക- ₹3,69,578<br>2,60,320<br>ബില്ലിന്റെ ഗ്രോസ് തുക- 2,81,571<br>കൺവീനർക്ക് നൽകിയ തുക- 2,60,320 | പ്രവൃത്തി മൂല്യം- ₹3,80,273<br>(-) മൂല്യ വർദ്ധിത നികുതി- ₹19,014<br>ക്ഷേമനിധി-₹ 3,803<br>ആദായ നികുതി- ₹7,605<br>നെറ്റ് തുക- ₹3,49,851<br>കൺവീനർക്ക് നൽകേണ്ടിയിരുന്ന തുക- ₹3,49,851<br>പഞ്ചായത്ത് വഹിക്കേണ്ടി വരുമായിരുന്ന ആകെ പ്രോജക്ട് ചെലവ്- ₹3,80,273<br>പഞ്ചായത്ത് വഹിച്ച ആകെ പ്രോജക്ട് ചെലവ്-₹ 4,00,000<br>വഹിക്കേണ്ടി വന്ന അധികച്ചെലവ്- ₹19,727 രൂപ |

സ്രക്കാർ മാർഗനിർദേശങ്ങൾ ലംഘിച്ചതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം പ്രവൃത്തിയുടെ അന്തിമ ബിൽ തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയരിൽ നിന്നും ഈടാക്കേണ്ടതാണ്.

2. ഓവർഹെഡ് ചാർജ് 2.5% കുറവു ചെയ്യാതെ ബിൽ നൽകി- നഷ്ടം

പ്രോജക്ട് നം. 145/17-18- കാന റോഡ് കൾവർട്ട്, കോൺക്രീറ്റ്

ബിൽ നം. 28/2017-18, തിയതി 27.12.2017- ₹3,41,959 (ലോകബാങ്ക് ധനസഹായം)

ബിൽ നം. 29/2017-18, തിയതി 28.12.2017- ₹1,34,701 (വികസന ഫണ്ട്- പൊതുവിഭാഗം)

കൺവീനർ- ശ്രീ.അഷ്റഫ്

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 10% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.12.2016 ലെ DB3-6512(B)/2013/CE/L.S.G.D. നമ്പർ സർക്കുലർ പ്രകാരം MoRD സ്പെസിഫിക്കേഷൻ ഉപയോഗിച്ച് ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ വർക്ക് ബിൽ തുകയിൽ നിന്നും ഓവർ ഹെഡ് ചാർജ്ജിന്റെ 7.5% കഴിച്ചുള്ള തുക തിരികെ പിടിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഈ നിർദേശം പാലിക്കാതെയാണ് പ്രവൃത്തിയുടെ തുക നൽകിയിട്ടുള്ളത്. ആയതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. നഷ്ടം ചുവടെ കണക്കാക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം/ആകെ പ്രോജക്ട് ചെലവ് | ₹4,76,660 |
| 2.5% ഓവർഹെഡ് ചാർജ് കുറവു ചെയ്തിരുന്നെങ്കിൽ വഹിക്കേണ്ടി വരുമായിരുന്ന ആകെ പ്രോജക്ട് ചെലവ് | ₹4,65,827 |
| പഞ്ചായത്ത് വഹിച്ച അധികച്ചെലവ് | ₹10,833 |

മേൽ അപാകതകൾ ചൂണ്ടിക്കാട്ടിക്കൊണ്ട് 21.01.2019 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ സർക്കാർ മാർഗനിർദേശങ്ങൾ ലംഘിച്ചതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം പ്രവൃത്തിയുടെ അന്തിമ ബിൽ തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-14 കുന്നിൽ സ്കൂൾ പിറകു വശം ബന്തിയോട് കുന്ന് റോഡ് കോൺക്രീറ്റ്-അപാകതകൾ

പ്രോജക്ട് നം 107/18- കുന്നിൽ സ്കൂൾ പിറകു വശം ബന്തിയോട് കുന്ന് റോഡ് കോൺക്രീറ്റ്

എസ്റ്റിമേറ്റ് - 8 ലക്ഷം

ഫണ്ട്- തനതു ഫണ്ട്

കരാറുകാരൻ- ശ്രീ.ടി.എ. മുഹമ്മദ്

ഈ പ്രവൃത്തിയുടെ ആകെ മൂല്യം 6,44,554 രൂപയാണ്. ഇത്രയും തുക പഞ്ചായത്ത് സെക്രട്ടറി ചെക്ക് നം. 642333, തിയതി 07.10.2017 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ നിന്നും 5,80,009 രൂപ അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് നൽകിയിട്ടുണ്ട്. ഈ പ്രോജക്ട്നിർവഹണത്തിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. റീട്ടെൻഷൻ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു-

ഈ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയിരിക്കുന്നത് ചുവടെ ചേർത്ത പ്രകാരമാണ്.

ആകെ പ്രവൃത്തി മൂല്യം- ₹6,44,554

(-) റീട്ടെൻഷൻ തുക- ₹64,455

കരാറുകാരൻ നൽകിയ തുക-₹ 5,80,099

ഈ പ്രവൃത്തിയുടെ നെറ്റ് തുക 5,80,099 രൂപയാണ്. ഈ തുക മാത്രമേ സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറേണ്ടിയിരുന്നുള്ളൂ. എന്നാൽ റീട്ടെൻഷൻ തുക അടക്കമുള്ള തുകയാണ് സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടുള്ളത്. എന്നാൽ പഞ്ചായത്തിന്റെ കണക്കുകളിൽ ചെക്കിന്റെ മൊത്തം തുകയും പ്രവൃത്തിയുടെ ചെലവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. റീട്ടെൻഷൻ തുക അതിന്റെ ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

റീട്ടെൻഷൻ തുകയായ 64,455 രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ (നം.67267330266, എസ്.ബി.ഐ, ഉപ്പള) നില നിൽക്കുകയാണ്. എന്നാൽ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് പഞ്ചായത്തിന്റെ കണക്കിൽ പെട്ടിട്ടില്ല. കൂടാതെ ഈ അക്കൗണ്ടിൽ 31.03.2018 ൽ 2,39,533 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ തുകയുടെ വിശദ വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ ഇത്തരമൊരു അക്കൗണ്ടിലേക്ക് റീട്ടെൻഷൻ തുക കൈമാറി നിക്ഷേപിച്ചത് ശരിയല്ല. റീട്ടെൻഷൻ തുക പഞ്ചായത്തിന്റെ തനതു ഫണ്ടിന്റെ ട്രഷറി അക്കൗണ്ടിൽ നില നിർത്തിക്കൊണ്ട് നെറ്റ് തുകയ്ക്കുള്ള ചെക്ക് മാത്രമായിരുന്നു അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറേണ്ടിയിരുന്നത്.

ഈ പ്രവൃത്തിയുടെ ഭാഗമായി അടക്കേണ്ടിയിരുന്ന ആദായ നികുതി (6445 രൂപ) അടച്ചിട്ടുണ്ട്. എന്നാൽ ക്ഷേമനിധി ബോർഡിലേക്ക് അടക്കേണ്ട 6,445 രൂപ നാളിതു വരെ അടച്ചിട്ടില്ല. ഈ തുക അടക്കേണ്ടതാണ്. ഈ പ്രവൃത്തി പൂർത്തിയാക്കിയതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത് 14.09.2017 നാണ്. ആയതിനാൽ ജി.എസ്.ടി. സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യേണ്ടതില്ല. എന്നാൽ ഈ പ്രവൃത്തിയുടെ ജി.എസ്.ടി. അടക്കുന്നതാണ് എന്ന് കരാറുകാരനിൽ നിന്നും സമ്മത പത്രം വാങ്ങി അതിന്റെ പകർപ്പ് ജി.എസ്.ടി. വകുപ്പിന് അയച്ചു കൊടുക്കേണ്ടതാണ്. ക്ഷേമനിധി വിഹിതം അടച്ച് ബാക്കി തുക പഞ്ചായത്ത് സെക്രട്ടറിക്ക് തിരികെ നൽകേണ്ടതും പഞ്ചായത്ത് സെക്രട്ടറി ഈ തുക റീട്ടെൻഷൻ എന്ന ഹെഡിൽ കണക്കു വയ്ക്കേണ്ടതുമാണ്.

## 3-15 റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങി നൽകിയതിലെ അപാകതകൾ

2017-18 ൽ നടപ്പിലാക്കിയ ഏതാനും റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ബിറ്റുമിനും എമൽഷനും പഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്. പിന്നീട് 2017-18 വർഷത്തിൽ 23.08.2017 ലെ സ.ഉ.(സാധാ)നം.2906/2017/ത.സ്വ.ഭ.വ. ഉത്തരവിൽ അനുമതി നൽകിയതനുസരിച്ച് കാസറഗോഡുള്ള സിഡ്കോ യിൽ നിന്നും 8 ഇൻവോയ്സുകളിൽ നിന്നായി 8,99,662 രൂപയുടെയും മംഗലാപുരത്തെ MRPL എന്ന സ്ഥാപനത്തിൽ നിന്നും 4 ഇൻവോയസുകളിലായി 5,93,336 രൂപയുടെയും (ആകെ 14,92,998 രൂപ) ബിറ്റുമിനാണ് പഞ്ചായത്ത് വാങ്ങി നൽകിയിട്ടുള്ളത്. ഇത് കൂടാതെ മംഗലാപുരത്തെ HINCOL എന്ന

സ്ഥാപനത്തിൽ നിന്നും രണ്ടു ഇൻവോയ്സുകളിലായി 2,23,285 രൂപയുടെ RS1, SS1 എമൽഷനുകളും പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. ഇപ്രകാരം ബിറ്റുമിനും എമൽഷനും വാങ്ങി നൽകിയതിലും തുക തിരികെ ഈടാക്കിയതിലും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഓരോ ഇൻവോയ്സുകൾ പ്രകാരവും വാങ്ങിയ ബിറ്റുമിനസ് ഇനങ്ങൾ ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര അളവ് വീതം നൽകി എന്നതു കാണിക്കുന്ന ആധികാരിക രേഖകൾ ഇല്ല. സ്റ്റോക്ക് രജിസ്റ്റർ അപൂർണമാണ്. പ്രവൃത്തികളുടെ എം.ബുക്കുകളിൽ ബിറ്റുമിനസ് ഇനങ്ങളുടെ ആധിക്യസി കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല.

2. 23.08.2017 ലെ സ.ഉ.(സാധാ)നം.2906/2017/ത.സ്വ.ഭ.വ. ഉത്തരവിൽ അനുമതി നൽകിയതനുസരിച്ചാണ് സിഡ്കോയിൽ നിന്ന് ബിറ്റുമിൻ വാങ്ങിയത്. ഈ ഉത്തരവിൽ, സിഡ്കോ നൽകുന്ന ഇൻവോയ്സുകളിൽ പൊതു മേഖലാ എണ്ണക്കമ്പനികളിൽ നിന്നും സിഡ്കോ ബിറ്റുമിനും എമൽഷനും വാങ്ങിയതിന്റെ ഇൻവോയ്സിന്റെ റഫറൻസ് നമ്പർ ചേർക്കണമെന്നും പൊതു മേഖലാ എണ്ണക്കമ്പനികൾ വിൽക്കുന്ന വിലയിൽ തന്നെ സിഡ്കോയും ബിറ്റുമിനസ് ഇനങ്ങൾ സപ്ലൈ ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സിഡ്കോ നൽകിയിട്ടുള്ള ഇൻവോയ്സുകളിൽ എണ്ണക്കമ്പനികളുടെ ഇൻവോയ്സ് റഫർ ചെയ്തിട്ടില്ല. കൂടാതെ സിഡ്കോയിൽ നിന്നും ബിറ്റുമിനസ് ഇനങ്ങൾ വാങ്ങുന്ന സമയത്ത് പൊതു മേഖലാ എണ്ണക്കമ്പനികളുടെ വിൽപ്പന വില എത്രയെന്ന രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല. സിഡ്കോ വാങ്ങിയിരിക്കുന്ന വില പൊതു മേഖലാ എണ്ണക്കമ്പനികളുടെ വിൽപ്പന വിലയെക്കാൾ കൂടുതലല്ല എന്ന് പഞ്ചായത്ത് പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടില്ല.

3. എമൽഷൻ വാങ്ങുന്നതിന് ആകെ 2,35,377 രൂപ HINCOL എന്ന സ്ഥാപനത്തിന് നൽകിയതിൽ രണ്ടു ഇൻവോയ്സുകളിലായി 2,23,285 രൂപയുടെ എമൽഷൻ ആണ് സ്ഥാപനം വിതരണം ചെയ്തിട്ടുള്ളത്. (ഇൻവോയ്സ് നം. 4103010613, 614, തിയതി 11.05.2017). നൽകിയ തുകയിൽ 12,092 രൂപ സ്ഥാപനത്തിന്റെ പക്കൽ അധികം ഉണ്ട്. ഈ തുക തിരികെ ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 12, തിയതി 19.01.2019)

## 3-16 ഇ-ടെണ്ടർ- അപാകതകൾ

1- ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല.

2017-18 വർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ എണ്ണം ഇ-ടെണ്ടർ മുഖേനയാണ് നടത്തിയത്. എന്നാൽ ഇ-ടെണ്ടർ വെബ്സൈറ്റിൽ (etenders.kerala.gov.in) ഈ ടെണ്ടറുകളുടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതായി കാണുന്നില്ല. ഇ-ടെണ്ടറുകൾ, വെബ്സൈറ്റിൽ ബിഡ് ഓപ്പണിങ്ങ്, ടെക്നിക്കൽ ഇവാല്വേഷൻ, ഫിനാൻഷ്യൽ ഇവാല്വേഷൻ, അവാർഡ് ഓഫ് കോൺട്രാക്ട് എന്നീ നടപടിക്രമങ്ങൾക്ക് വിധേയമാകേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് നടത്തിയ ഇ-ടെണ്ടറുകൾ മിക്കതും ബിഡ് ഓപ്പണിങ്ങ് ഘട്ടം മാത്രമേ പിന്നിട്ടിട്ടുള്ളൂ.

ടെണ്ടറുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടെണ്ടർ ഐ.ഡി. | പ്രോജക്ട് | ടെണ്ടറിന്റെ ഘട്ടം |
|---|---|---|---|
| 1 | 2017-LSGD-113896-2 | 45/18 | ഓപ്പൺ ചെയ്തിട്ടില്ല |
| 2 | 2017-LSGD-115380-1 | 21/18 | ബിഡ് ഓപ്പണിങ്ങ് |
| 3 | 2017-LSGD-114163-2 | 13/18 | ഓപ്പൺ ചെയ്തിട്ടില്ല |
| 4 | 2017-LSGD-113984-2 | 16/18 | ഓപ്പൺ ചെയ്തിട്ടില്ല |

മുകളിൽ പരാമർശിച്ചിട്ടുള്ള ഇ-ടെണ്ടറുകളിൽ ബിഡ് ഓപ്പണിങ്ങ്, ഫിനാൻഷ്യൽ ഇവാല്വേഷൻ, ടെക്നിക്കൽ ഇവാല്വേഷൻ, അവാർഡ് ഓഫ് കോൺട്രാക്ട് എന്നീ നടപടിക്രമങ്ങൾ പാലിക്കാത്തതെ BOQ എടുത്ത് പ്രവൃത്തി നടപ്പിലാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ 2017-18 വർഷം നടത്തിയ എല്ലാ ഇടെണ്ടറുകളിലും ടെണ്ടർ അതോരിറ്റി ആയി കാണുന്നത് എൺമകജെ ഗ്രാമപഞ്ചായത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ ആണ്. എൺമകജെ ഗ്രാമപഞ്ചായത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ചാണ് ഈ പഞ്ചായത്തിന്റെ ഇടെണ്ടറുകൾ ഡീക്രിപ്റ്റ് ചെയ്തിട്ടുള്ളത്. ഇത് ശരിയായ നടപടിയല്ല. അപാകതകൾക്ക് വിശദീകരണങ്ങൾ നൽകേണ്ടതാണ്.

2- 7ലക്ഷം രൂപ അടങ്കലുള്ള പ്രവൃത്തി ഇ-ടെണ്ടർ നടത്താതെ നിർവഹിച്ചു
പ്രോജക്ട് നം- 18/18 – ബാപ്പായിത്തൊട്ടി- ബുദൻ സ്രാങ്ക് റോഡ് റീടാറിംഗ്

എസ്റ്റിമേറ്റ്- 7 ലക്ഷംരൂപ

കരാറുകാരൻ- അബ്ദുൾ ലത്തീഫ്.എം.

ജി.ഒ.(പി)നം.524/15/ധന, തിയതി 17.11.2015 ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകൾ വഴി നടപ്പാക്കുന്ന അഞ്ചു ലക്ഷത്തിനു മുകളിലുള്ള പ്രവൃത്തികൾ ഇലക്ട്രോണിക് ടെണ്ടർ വഴി നടപ്പാക്കേണ്ടതുണ്ട്. എന്നാൽ ഈ പ്രവൃത്തി മാന്വൽ ടെണ്ടർ വഴിയാണ് നടപ്പിലാക്കിയത്. ഇത് സർക്കാർ മാർഗനിർദേശങ്ങൾക്ക് വിരുദ്ധമാണ്. ഇതിന് വിശദീകരണം നൽകേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 10, തിയതി 19.01.2019, 17, തിയതി 22.01.2019)

## 3-17 പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തു- തുടർ വിവരങ്ങൾ ലഭ്യമല്ല

പ്രോജക്ട് നം- 33/2018- പ്രതാപ് നഗർ- തിമ്പ്ര പൈപ്പ് ലൈൻ നീട്ടൽ

ഫണ്ട്- തനതു ഫണ്ട്- ₹1,00,000

ചെലവ്- ചെക്ക് നം. 642906, തിയതി- 07.03.2018, തുക- ₹1,00,000

പ്രതാപ് നഗർ-തിമ്പ്ര പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റിയുടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി നൽകിയ 1,00,000 രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 1,00,000 രൂപ പിൻവലിച്ച് കേരള വാട്ടർ അതോറിറ്റിയുടെ 10510439545 നമ്പർ അക്കൗണ്ടിലേക്ക് 17.03.2018 ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ തുക ട്രാൻസ്ഫർ ചെയ്തതല്ലാതെ തുടർ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ഈ തുകയുടെ വിനിയോഗ വിവരം, പ്രവൃത്തിയുടെ പൂർത്തീകരണ വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-18 <u>പൊതു മരാമത്ത് മേഖലയിലെ പദ്ധതികളുടെ നടത്തിപ്പിൽ കണ്ട പൊതു അപാകതകൾ</u>

1- പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ മെല്ലെപ്പോക്ക്-

തൻവർഷം 255 പ്രോജക്ടുകളായിരുന്ന പൊതു മരാമത്ത് മേഖലയിൽ തയ്യാറാക്കി അംഗീകരിക്കപ്പെട്ടത്. എന്നാൽ ഇതിൽ 110 പ്രോജക്ടുകൾക്ക് തൻവർഷം ചെലവ് നടത്താൻ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സാധിച്ചിട്ടില്ല. 9.65 കോടി രൂപ അടങ്കൽ ഉള്ളതിൽ 4.25 കോടി രൂപ മാത്രമാണ് പൊതുമരാമത്ത് മേഖലയിൽ തൻവർഷത്തെ ചെലവ്. ചെലവ് ശതമാനം 44 മാത്രമാണ്. പൊതു മരാമത്ത് മേഖലയിലെ ചെലവുകളിലെ ഈ ഇടിവ് വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ, ലോകബാങ്ക്, റോഡ്/നോൺ റോഡ് ഫണ്ടുകളുടെ ചെലവുകളിലെ ഇടിവിനും പഞ്ചായത്തിന്റെ ഫണ്ട് ലാപ്സാവുന്നതിനും കാരണമായിട്ടുണ്ട്. ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-5, 1-6 എന്നിവ കാണുക.

2. ചെലവുകൾ സാമ്പത്തിക വർഷാവസാനത്തേക്ക് മാറ്റി വയ്ക്കപ്പെടുന്നു-

2017-18 വർഷം മരാമത്ത് മേഖലയിലെ ആകെ ചെലവായ 4.25 കോടിയിൽ 2.43 കോടി രൂപയും മാർച്ച് 2018 മാസത്തിലാണ് നടത്തിയിട്ടുള്ളത്. ഫെബ്രുവരി 2018 മാസത്തെ ചെലവ് 28.47 ലക്ഷം രൂപയാണ്. മൊത്തം ചെലവിന്റെ 64% വും സാമ്പത്തിക വർഷാവസാനത്തെ രണ്ടു മാസങ്ങളിലാണ് നടത്തിയിട്ടുള്ളത്. ഇത്തരത്തിൽ ചെലവുകൾ സാമ്പത്തിക വർഷാവസാനത്തേക്ക് മാറ്റി വയ്ക്കാതെ പ്രോജക്ടുകളുടെ നിർവഹണത്തിനായി പദ്ധതി മാർഗരേഖാ നിർദേശങ്ങൾക്ക് അനുസൃതമായുള്ള പ്രവർത്തന കലണ്ടറുകൾ തയ്യാറാക്കുന്നതിനും ഈ പ്രവർത്തന കലണ്ടറുകൾക്ക് അനുസൃതമായി പ്രോജക്ടുകൾ നിർവഹണം നടത്തുവാനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

3. പൊതുമരാമത്ത് പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല-

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ ഒന്നിൽ പോലും വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കി നൽകിയ മോണിറ്ററിംഗ് റിപ്പോർട്ട് നൽകിയതായി കാണുന്നില്ല. പദ്ധതി മാർഗ നിർദേശങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരമുള്ള മോണിറ്ററിംഗ് നടത്തിയതിന് രേഖകൾ ഇല്ലാത്തതിനാൽ പദ്ധതി പ്രവർത്തനങ്ങളിലെ സുതാര്യത, ജനകീയ പങ്കാളിത്തം എന്നിവ ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ഭാവിയിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് ഫലപ്രദമായി നടത്തേണ്ടതും

മോണിറ്ററിംഗ് റിപ്പോർട്ടുകൾ പ്രോജക്ടുകളുടെ ഫയലുകളിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

4. പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല-

2017-18 കാലയളവിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 3 യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. യോഗങ്ങളിൽ പ്രസക്തമായ തീരുമാനങ്ങൾ കൈക്കൊണ്ടതായോ പൊതുമരാമത്ത് പ്രോജക്ടുകൾ സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടതായോ കാണുന്നില്ല. 11.04.2017 ന് ചേർന്ന യോഗത്തിന്റെ മിനുട്ട്സ് അപൂർണമാണ്. ഇതിൽ 08.02.108 ന് ചേർന്ന യോഗത്തിൽ 2018-19 വർഷത്തേക്കുള്ള പദ്ധതി നിർദേശങ്ങൾ മിനുട്ട്സിൽ രേഖപ്പെടുത്തിക്കാണുന്നു. മിനുട്ട്സ് ക്ലോസ് ചെയ്തിട്ടില്ല. 2017-18 ലെ പദ്ധതി പ്രവർത്തനങ്ങളിൽ പതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ ഇടപെടൽ ഉണ്ടായിട്ടില്ല എന്ന് വ്യക്തമാണ്.

5. രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്-

ക്യാഷ് ബുക്ക്- എഴുതി സൂക്ഷിച്ചിട്ടുണ്ട്, എന്നാൽ ടി.ആർ7എ മാതൃകയിൽ അല്ല ക്യാഷ് ബുക്ക് എഴുതിയിട്ടുള്ളത്. ഭാവിയിൽ ക്യാഷ് ബുക്ക് ടി.ആർ7എ മാതൃകയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

പ്രോജക്ട് രജിസ്റ്റർ -എഴുതിയിട്ടില്ല.

ടെണ്ടർ രജിസ്റ്റർ- ടെണ്ടർ രജിസ്റ്റർ എഴുതിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ എല്ലാ കോളങ്ങളും കൃത്യമായി പൂരിപ്പിച്ചിട്ടില്ല. കൂടാതെ ഇ-ടെണ്ടർ വിവരങ്ങൾ എഴുതിയിട്ടുള്ളതും അപൂർണമാണ്.

ഫയലുകൾ- ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. എന്നാൽ സൈറ്റ് ഹാന്റ് ഓവർ ചെയ്യുന്ന രേഖ, മോണിറ്ററിംഗ് കമ്മിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഈ രേഖകൾ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

6-ക്ഷേമനിധി ബോർഡിന് അടക്കുവാൻ ബാദ്ധ്യതപ്പെട്ട തുകകൾ അടച്ചോ എന്ന് വ്യക്തമല്ല.

തനതു ഫണ്ട് വകയിരുത്തിയിട്ടുള്ള 69 പ്രോജക്ടുകളുടെ പേമെന്റുകൾക്കുള്ള തുക പഞ്ചായത്ത് സെക്രട്ടറി ട്രഷറി ചെക്കുകൾ മുഖേന അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. 69 പ്രോജക്ടുകളുടെ ഗ്രോസ് ചെലവുകൾക്കുള്ള തുകയാണ് സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയത്. എന്നാൽ ഈ തുകകളിൽ നിന്നും പ്രവൃത്തികളിൽ നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് അടക്കേണ്ട തുകകൾ അടച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ക്യാഷ് ബുക്കിൽ ഈ തുകകൾ അടച്ചതിന്റെ ഡി.ഡി നമ്പർ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഈ രേഖകൾ ഫയലുകളിൽ ഉൾക്കൊള്ളിച്ചിട്ടുമില്ല. 69 പ്രോജക്ടുകളിലും ക്ഷേമനിധി ബോർഡിന് അടക്കേണ്ട തുകകൾ അടച്ചതിന്റെ രേഖകൾ വൗച്ചറുകളുടെ ക്രമത്തിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-19 ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും കൃത്യമായ പ്രവർത്തനം നടക്കുന്നില്ല- കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു കീഴിലുള്ള ആശുപത്രികളിൽ രൂപീകരിക്കേണ്ട ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ ഘടന, യോഗ നടപടിക്രമങ്ങൾ, ബാങ്ക് അക്കൗണ്ട് എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 12.01.2007ലെ ജി.ഒ.(എം.എസ്.)15/2007 ആ.കു.വ. ഉത്തരവിലുള്ളതും ആയത് ജി.ഒ.(എം.എസ്.) 79/2007 /ത.സ്വ.ഭ.വ. തീയതി 14.03.2007ൽ പരാമർശിച്ചിട്ടുള്ളതുമാണ്. മൂന്നു മാസത്തിലൊരിക്കൽ മാനേജിംഗ് കമ്മിറ്റി കൂടേണ്ടതും, പഞ്ചായത്ത് ലഭ്യമാക്കുന്നതും പഞ്ചായത്ത് മുഖേന ലഭ്യമാക്കുന്നതുമായ ഫണ്ടുകൾ ആശുപത്രി വികസന ഫണ്ടിൽ വരവായി ഉൾപ്പെടുത്തേണ്ടതും ടി ഫണ്ടിന്റെ സൂക്ഷിപ്പിനും വിനിയോഗത്തിനുമായി ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തോ അതിനടുത്ത് ഉള്ള ഒരു ദേശസാൽകൃത ബാങ്കിൽ മാനേജിംഗ് കമ്മിറ്റി ചെയർപേഴ്സൺന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. എന്നാൽ ആയുർവേദ മെഡിക്കൽ ഓഫീസർ, ഹോമിയോ മെഡിക്കൽ ഓഫിസർ, മെഡിക്കൽ ഓഫിസർ പി.എച്ച്.സി എന്നിവർ നാളിതുവരെ ആശുപത്രി മാനേജിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിലെ എച്ച്.എം.സി.കളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നില്ല. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും നാളിതുവരെയുള്ള വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(₹) | പ്രൊജക്ടിന്റെ പേര് & പ്രൊജക്ട് നമ്പർ | ചെലവ്(₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-2018 | 6,37,500 | നെൽകൃഷിക്ക് കൂലിചെലവ് | 6,37,500 | |

| | | | | | |
|---|---|---|---|---|---|
| | | | (പ്രൊജക്റ്റ് നമ്പർ 190/18) | | |
| | 2017-2018 | 1,00,000 | പാലിയേറ്റീവ് പരിചരണം (പ്രൊജക്റ്റ് നമ്പർ 230/18) | 1,00,000 | |
| | 2017-2018 | 1,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (പ്രൊജക്റ്റ് നമ്പർ 250/18) | 1,50,000 | |
| | 2017-2018 | 10,00,000 | മലിന ജല ശുദ്ധീകരണ പ്ലാന്റ് (പ്രൊജക്റ്റ് നമ്പർ 238/18) | 0 | 10,00,000 |
| ജില്ലാപഞ്ചായത്ത് | 2017-2018 | 1,00,000 | പാലിയേറ്റീവ് പരിചരണം (പ്രൊജക്റ്റ് നമ്പർ 230/18) | 1,00,000 | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സമ്പൂർണ വൈദ്യുതീകരണം പഞ്ചായത്ത് വിഹിതം | ചെക്ക് നം- 642323 27.07.2017 | ₹2,06,200 | 0 | ₹2,06,200 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ലേമാസ്റ്റ് ലൈറ്റ് സ്ഥാപിച്ച പോസ്റ്റിൽ വൈദ്യുതി കണക്ഷൻ | ചെക്ക് നം- SCB-7003/21.02.2018 | ₹60,500 | ₹60,500 | 0 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി | പുതിയ ട്രാൻസ്ഫോമർ | ബില്ല് നം 27/17-18- 1,01,885 രൂപ, | ₹3,50,000 | 0 | ₹3,50,000 |

| | | | | | |
|---|---|---|---|---|---|
| ബോർഡ് | സ്ഥാപിക്കൽ | ചെക്ക് നം-642921-2,48,115(രൂപ) | | | |
| KWA, കാസർഗോഡ് | പ്രതാപ് നഗർ തിംമ്പറ പൈപ്പ് ലൈൻ നീട്ടൽ | 642906/07.03.2018 | ₹1,00,000 | 0 | ₹1,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-4 വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-1998 (plan) | 2-12 | 2006-07 | 3.100.1(2) | വൈദ്യുതിബോർഡ് ഡിപ്പോസിറ്റ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തത്. | തുടരുന്നു |
| 2001-02 (plan) | 2-12 | 2006-07 | 3.100.2(3) | മൊബലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാത്തത്. | തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2.6,2.7 | 2016-17 | 2അദ്ധ്യായം 5അനുബന്ധം | തൊഴിൽ നികുതി | തുടരുന്നു |
| 2014-15 | 2.1 | 2016-17 | 2അദ്ധ്യായം 4അനുബന്ധം | തൊഴിൽ നികുതി | തുടരുന്നു |
| 2014-15,2015-16 | 2.4 | 2016-17 | 1അദ്ധ്യായം 3അനുബന്ധം | വസ്തു നികുതി | തുടരുന്നു |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹9,38,19,522 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹12,74,27,751 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1,49,492/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹75,91,546/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | ₹90,237/- | ശ്രീ.സജീവ് (AS), സെക്രട്ടറി I/C |
| 3-12 | | ₹28,695/- | ശ്രീ.ജോബി,അസി.എഞ്ചിനീയർ. |
| 3-13(1) | | ₹19,727/- | ശ്രീ.രാഹുൽ ആർ,അസി.എഞ്ചിനീയർ. |
| 3-13(2) | | ₹10,833/- | ശ്രീ.രാഹുൽ ആർ,അസി.എഞ്ചിനീയർ. |
| ആകെ | | ₹1,49,492/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | ₹6,75,000/- | ശ്രീ.അബ്ദുൾ ഫത്താഹ്.ബി, സെക്രട്ടറി |
| 3-4 | ₹3,07,546 | ശ്രീ.സജീവ് (AS), സെക്രട്ടറി I/C |
| 3-6 | ₹17,10,000 | ₹11,10,000- ശ്രീ.അബ്ദുൾ ഫത്താഹ്.ബി. |
| | | ₹6,00,000- ശ്രീ.കെ.പി.നവാസ്, സെക്രട്ടറി I/C |
| 3-7 | ₹46,24,000 | ശ്രീ.വസന്തകുമാർ.സി.കെ., ഹെഡ്മാസ്റ്റർ |
| 3-11 | ₹2,75,000 | ശ്രീ ഡെന്നീസ് ജോർജ്, കൃഷി ഓഫീസർ |
| ആകെ | ₹75,91,546/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സജീവ് (AS),<br>സെക്രട്ടറി I/C | വിരമിച്ചു. | ശ്രീ.സജീവ് ,<br>ഏല്യം ഹൗസ്, നാട്ടകം പോസ്റ്റ്,<br>കോട്ടയം. |
| ശ്രീ.ജോബി.കെ,<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>എൻമകജെ<br>ഗ്രാമപഞ്ചായത്ത് | ശ്രീ.ജോബി.കെ,<br>തുണ്ടിൽ പുത്തൻ വീട്,<br>അമ്പിപൊയ്ക,കുണ്ടറ,കൊല്ലം. |
| ശ്രീ.രാഹുൽ ആർ,<br>അസി.എഞ്ചിനീയർ. | അസിസ്റ്റന്റ് എഞ്ചിനീയർ, | പുതീയു വീട്, കൊന്നൻകര, അഡൂർ,<br>പത്തനംതിട്ട, അഡൂർ(പി.ഒ). |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1984-85 | എൽ.എഫ്.സി12/1422/90 തീ.10.09.1990 | 13 |
| 1985-86 | എൽ.എഫ്.സി7/1125/90 തീ.10.01.1990 | 14 |
| 1986-87 | എൽ.എഫ്.സി12/447/92 തീ.03.04.1992 | 19 |
| 1987-88,1988-89 | എൽ.എഫ്.സി7/1703/92 തീ.22.04.1993 | 11 |
| 1989-90,1990-91 | എൽ.എഫ്.കെ.എസ്.ഡി.1/309/94 | 4 |
| 1989-90to1993-94 | എൽ.എഫ്.കെ.എസ്.ഡി.1/311/94 തീ.16.11.94 | 9 |
| 1991-92to1993-94 | എൽ.എഫ്.കെ.എസ്.ഡി.5/308/00 തീ.13.02.01/22.06.01 | 10 |
| 1994-95,1995-96 | എൽ.എഫ്.കെ.എസ്.ഡി.5/348/03 തീ.16.09.03 | 2 |
| 1996-97 | എൽ.എഫ്.കെ.എസ്.ഡി.5/517/98 തീ.06.02.99 | 10 |
| 1997-98(F) | എൽ.എഫ്.കെ.എസ്.ഡി.4/538/06 തീ.08.03.07 | 7 |
| 1998-1999(F) | എൽ.എഫ്.കെ.എസ്.ഡി.4/566/07 തീ.26.05.08 | 18 |
| 1999-2000(P) | എൽ.എഫ്.കെ.എസ്.ഡി.6/762/03 | 4 |
| 1999-2000(F) | എൽ.എഫ്.കെ.എസ്.ഡി.4/559/06 തീ.04.06.07 | 27 |
| 2000-01(P) | എൽ.എഫ്.കെ.എസ്.ഡി.6/763/03 തീ.03.06.06 | 5 |
| 2001-02(P) | എൽ.എഫ്.കെ.എസ്.ഡി.6/764/03 തീ.04.06.06 | 3 |
| 2001-2002 | എൽ.എഫ്.കെ.എസ്.ഡി.4/658/12 തീ.03.11.12 | 13 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി.4/435/12 തീ.10.09.12 | 4 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി.4/659/12 തീ.02.11.12 | 9 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.കെ.എസ്.ഡി.4/660/12 തീ.02.11.12 | 7 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.4/661/12 തീ.15.11.12 | 3 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി.4/662/12 തീ.15.11.12 | 13 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.4/293/13 തീ.26.03.13 | 17 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.4/684/12 തീ.24.07.13 | 12 |
| 2008-09<br>2009-10 | എൽ.എഫ്.കെ.എസ്.ഡി.4/793/12 തീ.02.04.13 | 23 |
| 2010-11 | കെ.എസ്.എ.കെ.എസ്.ഡി.9/604/15 തീ.01.09.15 | 18 |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി.9/786/14 തീ.06.03.15 | 9 |
| 2012-13<br>2013-14 | എൽ.എഫ്.കെ.എസ്.ഡി.9/823/14 തീ.18.09.14 | 10 |
| 2014-15 | കെ.എസ്.എ.കെ.എസ്.ഡി.5/198/16തീ.19.03.16 | 27 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി.5/2017 തീ.25.01.2017 | 19 |
| 2016-17 | കെ.എസ്എ.കെ.എസ്.ഡി.5/100/17 തീ.18.09.17 | 18 |

ഡെപ്യൂട്ടി ഡയറക്ടർ.(ഹ.ഗ്രേ),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മംഗൽപാടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(3),2(1)ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ.(ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Mangalpady Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 57832184.00 |
| Cash | Cash | RP-40(a) | 388358.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1807712.00 |
| 130000000 | Rental income from Panchayat Properties | RP-3 | 56714.00 |
| 140000000 | Fees & User Charges | RP-4 | 1340363.00 |
| 150000000 | Sale & Hire Charges | RP-5 | 505500.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 66916312.00 |
| 171000000 | Interest Earned | RP-9 | 924492.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5241769.00 |
| 350000000 | Other Liabilities | RP-36 | 866522.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 506.00 |
| 311000000 | Earmarked Funds | RP-29 | 29.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 39575.00 |
| 350000000 | Other Liabilities | RP-36 | 2097553.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 13969719.00 |
| 460000000 | Loans, Advances and Deposits | RP-47 | 52756.00 |
| | Grand total | | 152040064.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 6016833.00 |
| 220000000 | Administrative Expenses | RP-12 | 847173.00 |
| 230000000 | Operations & Maintenance | RP-13 | 4559026.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5525711.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 19320745.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 9162711.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 440678.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 2164391.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 19941214.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 43500.00 |
| 280000000 | Prior Period item | RP-26 | -229310.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1210564.00 |
| 350000000 | Other Liabilities | RP-36 | 6412234.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2483.00 |
| 280000000 | Prior Period Item | RP-26 | -107150.00 |
| 340000000 | Deposits Received | RP-34 | 105000.00 |
| 350000000 | Other Liabilities | RP-36 | 3657154.00 |
| 410000000 | Fixed Assets | RP-38 | 15924576.00 |
| 412000000 | Capital work in Progress | RP-40 | 2689595.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 29312834.00 |
| 460000000 | Loans, Advances and Deposits | RP-47 | 427789.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 24024332.00 |
| Cash | Cash | RP-40(b) | 587981.00 |
| | Grand Total | | 152040064.00 |

# അനുബന്ധം-3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Mangalpady Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 14142132.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2580507.00 |
| 140000000 | Fee & User Charges | I-4(b) | 1746153.00 |
| 150000000 | Sale & Hire Charges | I-5(b) | 505500.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 129120720.00 |
| 171000000 | Interest Earned | I-8 | 924492.00 |
| 180000000 | Other Income | I-9 | 506.00 |

| | | | |
|---|---|---|---|
| | Total Income | | 149020010.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11885042.00 |
| 220000000 | Administrative Expenses | I-11(b) | 847173.00 |
| 230000000 | Operations & Maintenance | I-12(b) | 4979477.00 |
| 240000000 | Interest & Finance Charges | I-13 | 2483.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9293536.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 20098664.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 9078450.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 440678.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 65907591.00 |
| 255000000 | Maintenance Projects | I-14(e) | 19941214.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 43500.00 |
| 272000000 | Depreciation | I-17(a) | 9015379.00 |
| | Total Expenditure | | 151533187.00 |
| | Gross Surplus/ Deficit of income over Expenditure | | -2513177.00 |
| 280000000 | Prior Period Item | I-18 | -1259832.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -1253345.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-4

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Mangalpady Grama Panchayat BALANCE SHEET | | | |
| As on 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 74183566.55 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 752.00 |
| 312000000 | Reserves | B-3 | 64969991.00 |
| | Total Reserve & Surplus | | 139154309.55 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4349949.00 |
| | Total Grants, Contributions for Specific Purposes | | 4349949.00 |

| | | | |
|---|---|---|---|
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 845932.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3824795.45 |
| | Total Current Liabilities and Provisions | | 4670727.45 |
| | TOTAL LIABILITIES | | 148174986.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 111266000.00 |
| 411000000 | Accumulated Depreciation | B-11 | -25664434.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 85601566.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 37673774.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 24612313.00 |
| 460000000 | Loand, Advances and Deposits | B-18 | 287333.00 |
| | Total Current Assets, Loans and Advances | | 62573420.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 148174986.00 |